2023
APRIL
25
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES



## സുഡാനിൽനിന്ന് ഇന്ത്യക്കാരെ രക്ഷിക്കാൻ ഓപ്പറേഷൻ കാവേരി

**ഖാർത്തൂം:** സംഘർഷം രൂക്ഷമായ സുഡാനിൽനിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കുന്ന ഓപ്പറേഷൻ കാവേരിയുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയാണെന്നു വിദേശകാര്യമന്ത്രി എസ്.ജയ്!ശങ്കർ. 500 ഇന്ത്യക്കാരെ സുഡാൻ തുറമുഖത്ത് എത്തിച്ചു. കപ്പലുകളിലും വിമാനങ്ങളിലുമായിട്ടാകും ഇവരെ നാട്ടിലെത്തിക്കുക. ഓപ്പറേഷൻ കാവേരിയിലൂടെ കൂടുതൽ പേരെ തിരിച്ചെത്തിക്കാനുള്ള പ്രവർത്തനം തുടരുമെന്നും സുഡാനിൽ കുടുങ്ങിയ സഹോദരങ്ങളെ സഹായിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും ജയ്ശങ്കർ ടിറ്ററിൽ വ്യക്തമാക്കി. ഇന്ത്യക്കാരെ ഒഴിപ്പിക്കാനായി നാവികസേനയുടെ ഐഎൻഎസ് സുമേധ പടക്കപ്പൽ പോർട്ട് സുഡാനിൽ എത്തിയെന്നു വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

സേനയുടെ രണ്ട് സി130ജെ വിമാനങ്ങൾ സൗദി അറേബ്യയിലെ ജിദ്ദയിൽ സജ്ജമാക്കിയിട്ടുണ്ട്. സുഡാനിൽനിന്ന് ഇന്ത്യക്കാരടക്കമുള്ള ചിലരെ സൗദി അറേബ്യ രക്ഷപ്പെടുത്തി ജിദ്ദയിലെത്തിച്ചിരുന്നു. സ്വന്തം പൗരന്മാരെ ഒഴിപ്പിക്കുന്നതിനൊപ്പമാണു സൗഹൃദ രാഷ്ട്രങ്ങളുടെ പൗരന്മാരെക്കൂടി സൗദി രക്ഷിച്ചത്. വെടിനിർത്തൽ ധാരണകൾ ലംഘിച്ച് ഇരുപക്ഷവും പോരാട്ടം കടുപ്പിച്ചതോടെ, സുഡാനിൽ ഗുരുതര പ്രതിസന്ധിയാണ് നിലനിൽക്കുന്നത്.

സൈന്യവും അർധസൈനിക വിഭാഗമായ ആർഎസ്എഫും തമ്മിൽ അധികാരത്തിനായുള്ള പോരാട്ടം ജനത്തെ അക്ഷരാർഥത്തിൽ വീടുകളിൽ തടവിലാക്കി. എങ്ങും സ്ഫോടന ശബ്ദവും പുകയുമാണ്. ഊർജം, വെള്ളം, അവശ്യസാധനങ്ങൾ എന്നിവ ലഭ്യമല്ല. ഖാർത്തൂം രാജ്യാന്തര വിമാനത്താവളത്തിന്റെ പ്രധാന റൺവേയും ഒട്ടേറെ വിമാനങ്ങളും ബോംബാക്രമണത്തിൽ തകർന്നു. രാജ്യത്തെ മറ്റു വിമാനത്താവളങ്ങളും ആക്രമണ ഭീഷണിയെത്തുടർന്ന് അടച്ചു. ഒട്ടേറെപ്പേർ നഗരം വിട്ട് ഗ്രാമങ്ങളിലേക്കു പലായനം ചെയ്യുകയാണ്.

### വന്ദേഭാരതിന് ഇന്ന് ഫ്ളാഗ് ഓഫ്

# 1,900 കോടി രൂപയുടെ പദ്ധതികൾക്കും തുടക്കം

**തിരുവനന്തപുരം:** വന്ദേഭാരതിനൊപ്പം റെയിൽവേ വികസനത്തിനു വേഗം കൂട്ടുന്ന പദ്ധതികളും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നു ഫ്ളാഗ് ഓഫ് ചെയ്യും. ഒപ്പം, ജല മെട്രോ, ഡിജിറ്റൽ സയൻസ് പാർക്ക് തുടങ്ങിയ പദ്ധതികൾക്കും തുടക്കം കുറിക്കും. രാവിലെ 10.10 നു തിരുവനന്തപുരം വിമാനത്താവളത്തിലെത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സംസ്ഥാന സർക്കാരിനു വേണ്ടി ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ളവർ ചേർന്നു സ്വീകരിക്കും.

10.30 നു തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ വന്ദേഭാരത് എക്സ്പ്രസ് ഫ്ളാഗ് ഓഫ് ചെയ്യുന്ന പ്രധാനമന്ത്രി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്കൊപ്പം അൽപനേരം ചെലവഴിക്കും. തുടർന്നു പാളയം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന പൊതു സമ്മേളനത്തിലാണു വിവിധ പദ്ധതികൾക്കു തറക്കല്ലിടുകയും തുടക്കം കുറിക്കുകയുംെ ചയ്യുന്നത്. റെയിൽവേയുമായി ബന്ധപ്പെട്ട് 1900 കോടി രൂപയുടെ വികസന പദ്ധതികളാണു പ്രധാനമന്ത്രി തറക്കല്ലിടുകയും രാജ്യത്തിനു സമർപ്പിക്കുകയും ചെയ്യുന്നത്.



ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര റെയിൽവേ മന്ത്രി അശിനി കുമാർ വൈഷ്ണവ്, സംസ്ഥാന മന്ത്രിമാരായ വി.അബ്ദുറഹിമാൻ, ആന്റണി രാജു, ശശി തരൂർ എംപി എന്നിവർ പങ്കെടുക്കും. വിവിധ ജില്ലകളിലെ പദ്ധതികളുടെ സമർപ്പണവും ശിലാസ്ഥാപനവും പ്രധാനമന്ത്രി തിരുവനന്തപുരത്തെ സമ്മേളനത്തിൽ നിർവഹിക്കുമ്പോൾ ഈ ജില്ലകളിൽ പ്രാദേശികമായി സമ്മേളനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഉദ്ഘാടനത്തിനു ശേഷം വിമാനത്താവളത്തിലെത്തുന്ന പ്രധാനമന്ത്രി ഗുജറാത്തിലെ സൂറത്തിലേക്കു പോകും. ഉദ്ഘാടന ചടങ്ങിനു ശേഷം കേന്ദ്ര റെയിൽവേ മന്ത്രി നേമം, കൊച്ചുവേളി റെയിൽവേ ടെർമിനലുകൾ സന്ദർശിക്കും.

## സെൻബുക്ക് ശ്രേണിയിൽ പുതിയ ലാപ്ടോപ്പുകളുമായി എസ്യൂസ്

എസ്യൂസ് സെൻബുക്ക് നിരയിൽ പുതിയ മൂന്ന് ലാപ്ടോപ്പുകൾ ഇന്ത്യയിൽ അവതരിപ്പിച്ചു. സെൻബുക്ക് എസ് 13 ഒഎൽഇഡി, സെൻബുക്ക് 14 ഫ്ലിപ് ഒഎൽഇഡി, സെൻബുക്ക് 14 ഒഎൽഇഡി എന്നിവയാണ് പുതിയ ലാപ്ടോപ്പുകൾ. ഇന്റൽ കോർ ഐ7 പ്രോസസർ, 16 ജിബി റാം, വിൻഡോസ് 11 ഹോം, 14 ഇഞ്ച് ടച്ച് സ്ക്രീൻ ഡിസ്പ്ലേ എന്നിവയാണ് സെൻബുക്ക് 14 മോ!ഡലുകളിലുള്ളത്. സെൻബുക്ക് 14 ഫ്ലിപ്പിൽ 512 ജിബി എസ്!സ്ഡി സ്റ്റോറേജ് ആണുള്ളത്. മറ്റു രണ്ടു മോഡലുകളും 1 ടിബി എസ്എസ്ഡി സ്റ്റോറേജാണുള്ളത്. സെൻബുക്ക് എസ് 13 ഒഎൽഇഡിയിൽ ഇന്റൽ കോർ ഐ9 പ്രോസസർ, 32 ജിബി റാം എന്നിവയും 13.3 ഇഞ്ച് ഡിസ്പ്ലേയുമാണുള്ളത്.



# ജനകീയം റോഡ് ഷോ; അമ്പരപ്പിച്ച് മാസ് എൻട്രി



**കൊച്ചി:** കാത്തുനിന്നവരെ അമ്പരപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റോഡ് ഷോ. കാറിലാകും പ്രധാനമന്ത്രിയെത്തുക എന്നു പ്രതീക്ഷിച്ചവരെയും സുരക്ഷാ സേനാംഗങ്ങളെയും ഒരുപോലെ ഞെട്ടിച്ചാണ് ഒരു കിലോമീറ്ററോളം അദ്ദേഹം റോഡിലൂടെ നടന്നത്. റോഡിന്റെ ഇരുവശവും അഭിവാദ്യമർപ്പിക്കാൻ തിങ്ങിനിറഞ്ഞ ജനങ്ങളുടെ നേർക്ക് കൈകൾ വീശി അദ്ദേഹം നടന്നു നീങ്ങിയപ്പോൾ കരഘോഷവും പുഷ്പവൃഷ്ടിയും സ്വാഗതമോതി. മറ്റു നേതാക്കളൊന്നുമില്ലാതെ നീങ്ങിയ പ്രധാനമന്ത്രിക്കൊപ്പം സുരക്ഷാ ഭടൻമാർ മാത്രമാണ് സർപ്രൈസ് വാക്കിന്റെ ഭാഗമായത്.

വെണ്ടുരുത്തി പാലത്തിനു സമീപത്തെ ഷിർദിസായി ക്ഷേത്ര പരിസരത്തു നിന്നാണ് അദ്ദേഹം പാതയുടെ നടുവിലേക്കിറങ്ങി നടന്നു തുടങ്ങിയത്. എസ്പിജി വാഹനത്തിൽ നിന്ന് പതിവുപോലെ അഭിവാദ്യം ചെയ്യുമെന്നു കരുതിയിരിക്കെ, മോദി റോഡിലേക്കിറങ്ങിയതോടെ കേരളത്തിലെ അദ്ദേഹത്തിന്റെ ആദ്യ റോഡ്ഷോ അക്ഷരാർഥത്തിൽ ജനകീയമായി. മട്ടമ്മൽ പാലത്തിനു സമീപം വരെ പ്രധാനമന്ത്രി നടന്നു. മുണ്ടും ജുബ്ബയും ഷാളും അണിഞ്ഞ് ജനക്കൂട്ടത്തിന്റെ ആർപ്പുവിളികൾക്കിടയിലൂടെയായിരുന്നു നടത്തം.

ഇരുവശവും ബാരിക്കേഡുകൾക്കപ്പുറം തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തെ പ്രധാനമന്ത്രി കൈകൾ വീശി അഭിവാദ്യം ചെയ്തു. വിവിധ ജില്ലകളിൽ നിന്ന് പ്രധാനമന്ത്രിയെ കാണാനെത്തി, പകൽച്ചൂടിനെ അവഗണിച്ച് റോഡിന്റെ ഇരുവശവും സ്ഥാനംപിടിച്ച വൻ ജനാവലിയെ പ്രധാനമന്ത്രിയുടെ നീക്കം ആവേശത്തിലാഴ്ത്തി. മുദ്രാവാക്യം മുഴക്കിയും ആരതിയുഴിഞ്ഞും പൂക്കൾ വിതറിയും സ്ത്രീകൾ ഉൾപ്പെടെ വരവേറ്റു. ജനക്കൂട്ടത്തിന്റെ ആവേശം നിയന്ത്രിക്കാൻ പൊലീസും പണിപ്പെട്ടു. മൊബൈൽ ഫോൺ ക്യാമറകളിൽ ദൃശ്യങ്ങൾ പകർത്താനും ജനം തിരക്കുകൂട്ടി. റോഡ് ഷോയുടെ അവസാനഘട്ടത്തിൽ യാത്ര വാഹനത്തിലായി. ഇതിനിടെ കുമ്പളങ്ങി അർധനാരീശ്വര ക്ഷേത്രത്തിലെ വനിതാസംഘം തിരുവാതിരക്കളി അവതരിപ്പിച്ച വേദിയിലേക്കുമെത്തി പ്രധാനമന്ത്രിയുടെ അഭിവാദ്യം.

യുവം 2023 അരങ്ങേറിയ തേവരയിലേക്കും പരിസരത്തേക്കും ഉച്ചമുതൽ ജനക്കൂട്ടം എത്തിത്തുടങ്ങിയിരുന്നു. മട്ടാഞ്ചേരിയിലെ ഗുജറാത്തി മഹാജൻ സമുദായത്തിന്റെ നേതൃത്വത്തിൽ 500 പേരുടെ സംഘമാണ് പ്രധാനമന്ത്രിയെ സ്വീകരിക്കാൻ എത്തിയത്. പരമ്പരാഗത ഗുജറാത്തി തലപ്പാവും വേഷവും ദാണ്ഡിയ നൃത്തവും മേളവുമായാണ് സംഘമെത്തിയത്. 5.25ന് ബിജെപി നേതാക്കളായ പി.കെ.കൃഷ്ണദാസ്, കുമ്മനം രാജശേഖരൻ, സി.കെ.പത്മനാഭൻ എന്നിവർ ആദ്യ വാഹനത്തിലെത്തി പ്രധാനമന്ത്രിയുടെ വരവ് അറിയിച്ചതോടെ ആവേശം ഇരട്ടിച്ചു. പ്രധാനമന്ത്രി തേവര എസ്എച്ച് കോളജിലെ വേദിയിൽ എത്തുന്ന നിമിഷം വരെ അതു നീണ്ടു.

## ആറന്മുള എൻജിനീയറിങ് കോളജ് ടെക്നോ കൾച്ചറൽ ഫെസ്റ്റ് സംഘടിപ്പിക്കുന്നു

സംസ്ഥാന സർക്കാരിന്റെ സഹകരണ വകുപ്പിന് കീഴിലുള്ള കോപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ ആറന്മുള എൻജിനീയറിങ് കോളജിന്റെ നേതൃത്വത്തിൽ, ടെക്നോ കൾച്ചറൽ ഫെസ്റ്റ് ദർപ്പൺ 23 എന്ന പേരിൽ ഏപ്രിൽ 26, 27 തീയതികളിൽ കോളേജ് അങ്കണത്തിൽ സംഘടിപ്പിക്കുന്നു. നൂതന ശാസ്ത്ര സാങ്കേതിക വിദ്യകളും അവയുടെ പ്രയോഗ സാധ്യതകളും വിദ്യാർഥികളെയും പൊതുജനങ്ങളെയും പരിചയപ്പെടുത്തുന്ന വൈവിധ്യമാർന്ന പ്രദർശനങ്ങളും വിദ്യാർഥികളുടെ വിവിധ മത്സരങ്ങളും ,ഹാൻഡി ക്രാഫ്റ്റ്, കെഎസ്ഇബി, ബിഎസ്എൻഎൽ, ഫയർ ആൻഡ് സേഫ്റ്റി, ഖാദി എക്സിബിഷനുകൾക്കും പുറമേ വൈവിധ്യമാർന്ന കലാപരിപാടികളും മെഗാഷോയും ഫെസ്റ്റിൽ സജ്ജമാക്കിയിട്ടുണ്ട്.

ഫെസ്റ്റിന്റെ ഭാഗമായി 26 ന് വൈകിട്ട് നടക്കുന്ന ഫാഷൻ ഷോയിൽ നേഹ സക് സേന മുഖ്യ അതിഥിയായി പങ്കെടുക്കുന്നു. 27 ന് വൈകിട്ട് ജാസി ഗിഫ്റ്റ് നയിക്കുന്ന മ്യൂസിക് ബാൻഡ് ഷോയും നടക്കും.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**റാന്നി:** ഗവ.ഐടിഐ റാന്നിയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് ഏപ്രിൽ 28 ന് രാവിലെ 11 ന് അഭിമുഖം നടത്തും. യോഗ്യത : ബന്ധപ്പെട്ട ട്രേഡിൽ എഞ്ചിനീയറിംഗ് ഡിഗ്രി/ഡിപ്ലോമ/ എൻടിസി അല്ലെങ്കിൽ എൻ.എ.സിയും പ്രവൃത്തി പരിചയവും. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം അന്നേ ദിവസം റാന്നി ഐടിഐയിൽ നേരിട്ട് ഹാജരാകണം.

## യാത്രക്കാരെ ആകർഷിക്കാൻ 30 ശതമാനം ഇളവുമായി കെഎസ്ആർടിസി

**പത്തനംതിട്ട:** കൂടുതൽ യാത്രക്കാരെ ആകർഷിക്കാൻ 30 ശതമാനം നിരക്ക് ഇളവുമായി ജില്ലയിൽ സർവീസ് നടത്തുന്നത് 20 കെഎസ്ആർടിസി ബസുകൾ. ഇതിൽ 2 ഷെഡ്യൂൾ സൂപ്പർ ഫാസ്റ്റും ബാക്കി ഫാസ്റ്റ് പാസഞ്ചറുമാണ്. കാഞ്ഞങ്ങാട്പുനലൂർ, പത്തനാപുരം ചന്ദനക്കാംപാറ എന്നിവയാണ് സൂപ്പർ ഫാസ്റ്റുകൾ. കാഞ്ഞങ്ങാട് ബസ് ചിറ്റാരിക്കാൽ, ആലക്കോട്, തളിപ്പറമ്പ്, കണ്ണൂർ, കോഴിക്കോട്, തൃശൂർ, തൊടുപുഴ, പാലാ, റാന്നി, പത്തനംതിട്ട, കോന്നി, പത്തനാപുരം വഴിയാണ് പുനലൂർ എത്തുക. ചന്ദനക്കാംപാറ ബസ് പത്തനാപുരത്തുനിന്ന് പുറപ്പെട്ട് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഗുരുവായൂർ, കോഴിക്കോട്, തലശ്ശേരി, ഇരിട്ടി, ശ്രീകണ്ഠപുരം, പയ്യാവൂർ വഴിയാണ് സർവീസ് നടത്തുന്നത്.




പത്തനംതിട്ടപാടിച്ചിറ, വർക്കലമുണ്ടക്കയം, ചാത്തന്നൂർകുമളി, കൊട്ടാരക്കര കൊല്ലംകുമളി, പുനലൂർഎറണാകുളം, കൊല്ലംകുമളി, കൊല്ലംകോരുത്തോട്, അടൂർആലുവ, അടൂർകൂട്ടാർ, പത്തനംതിട്ടചേനപ്പാടിഎറണാകുളം, പത്തനംതിട്ട കാക്കനാട്എറണാകുളം, പത്തനംതിട്ടവീഗാലാൻഡ് എറണാകുളം, നെടുങ്കണ്ടം അടിമാലിപത്തനംതിട്ട, നെടുങ്കണ്ടംകൊട്ടാരക്കര, ചെങ്ങന്നൂർകോമ്പയാർ എന്നിവയാണ്. ഈ ബസുകളുടെ മുന്നിലും പിന്നിലും നിരക്ക് ഇളവ് കാണിച്ച് പ്രത്യേക ബോർഡും സ്ഥാപിച്ചിട്ടുണ്ട്.

സ്വകാര്യ ബസുകൾക്ക് 140 കിലോമീറ്ററിനു മുകളിൽ സൂപ്പർ ക്ലാസ് സർവീസ് നടത്താൻ കഴിയില്ലെന്ന സർക്കാർ ഉത്തരവിനെ തുടർന്നാണ് ഈ പെർമിറ്റുകൾ കെഎസ്ആർടിസി ഏറ്റെടുത്തത്. എന്നാൽ സ്വകാര്യ ബസുകൾ ഹൈക്കോടതിയിൽനിന്നു താൽക്കാലിക അനുമതി വാങ്ങി ഇതേ സമയത്തുതന്നെ സർവീസ് നടത്തുന്നുണ്ട്. ഇതേത്തുടർന്നാണ് യാത്രക്കാരെ കൂടുതൽ ആകർഷിക്കാൻ കെഎസ്ആർടിസി നിരക്കിളവ് നൽകിയത്.

## പരിശീലനം നൽകാൻ സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ തിരുവനന്തപുരം തൈക്കാട് പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി/ വർഗത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന ഒരു വർഷത്തെ സൗജന്യ പരിശീലന പരിപാടിയിൽ പരിശീലനം നൽകാൻ സ്ഥാപനങ്ങളെ ക്ഷണിക്കുന്നു. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാൻഡ്, കമ്പ്യൂട്ടർ, ഇംഗ്ലീഷ്, കണക്ക്, ജനറൽ നോളജ് വിഷയങ്ങളിലാണ് പരിശീലനം. കോഴ്സ് പഠിപ്പിക്കുന്ന സ്ഥാപനത്തിന് ഒരു കുട്ടിക്ക് പ്രതിമാസം 1200 രൂപ നിരക്കിൽ ഫീസ് നൽകും. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയാണ് പരിഗണിക്കുന്നത്. കോഴ്സ് നടത്താൻ താത്പര്യമുള്ള എല്ലാവിധ സൗകര്യങ്ങളോടും, ഗവ.അംഗീകൃതവും, ആദായനികുതി സംബന്ധിച്ച് റിട്ടേൺ ഫയൽ ചെയ്യുന്നതും മൂന്നു വർഷമോ അതിലധികമോ പ്രവൃത്തി പരിചയവും കേന്ദ്രസർക്കാരിന്റെ വെബ്പോർട്ടലായ National Career Service A (www.ncs.gov.in) രജിസ്റ്റർ ചെയ്തതുമായ സ്ഥാപനങ്ങൾ വേണം അപേക്ഷിക്കാൻ. അപേക്ഷയോടൊപ്പം മേൽപ്പറഞ്ഞ രേഖകളുടെ കോപ്പിയും അതാതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ വിശദമായ ബയോഡേറ്റയും സഹിതം മെയ് 15 വൈകിട്ട് 5 ന് മുൻപായി സബ്റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ, നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ എസ്.സി/ എസ്.ടി, തൈക്കാട്, തിരുവനന്തപുരം 695014 എന്ന വിലാസത്തിൽ അയക്കണം. ഫോൺ: 04712332113/ 8304009409.

## അപേക്ഷ ക്ഷണിച്ചു

**കൊല്ലം:** കെൽട്രോണിൽ മോണ്ടിസോറി/ പ്രീ സ്കൂൾ ടി ടി സി (ഒരു വർഷം), കമ്പ്യൂട്ടർ ഹാർഡ് വെയർ ആൻഡ് നെറ്റ് വർക്ക് മെയിന്റനൻസ്, ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

കൂടുതൽ വിവരങ്ങൾക്ക് ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളജ് സെന്റർ, ടൗൺ അതിർത്തി, കൊല്ലം വിലാസത്തിൽ ബന്ധപ്പെടാം. ഫോൺ: 9072592402, 0474 2731061.

## വോക്ക് ഇൻ ഇന്റർവ്യൂ

**കൊല്ലം:** നെടുങ്ങോലം താലൂക്ക് ആശുപത്രിയോട് ചേർന്നുള്ള വിമുക്തി ഡി അഡിക്ഷൻ സെന്ററിലേക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ ഒരു ഒഴിവിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എം എ /എം എസ് സി സൈക്കോളജി അല്ലെങ്കിൽ എം എസ് സി ക്ലിനിക്കൽ സൈക്കോളജി, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്ലിനിക്കൽ സൈക്കോളജിയിൽ രണ്ട് വർഷത്തെ എംഫിൽ/പി എച്ച് ഡി, റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ സി) രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത.

മെയ് മൂന്നിന് രാവിലെ 10.30 ന് ജില്ലാ മെഡിക്കൽ ഓഫീസിൽ നടത്തുന്ന വോക്ക് ഇൻ ഇന്റർവ്യൂവിൽ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി എത്തണം. ഫോൺ: 0474 2795017.

## ഹയർ സെക്കൻഡറി ടീച്ചർ: ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം

**കൊല്ലം:** ജില്ലയിലെ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കണ്ടറി ടീച്ചർ (സിറിയക്) തസ്തികയിൽ ഭിന്നശേഷി കാഴ്ച പരിമിതർ/ ശ്രവണപരിമിതർ/ ഓ എച്ച് സി ലോക്കോമോട്ടർ/ ഫിസിക്കലി ഹാൻഡികാപ്പ്ഡ് എന്നീ വിഭാഗങ്ങൾക്ക് സംവരണം ചെയ്ത ഒരു സ്ഥിര ഒഴിവ് നിലവിലുണ്ട്. യോഗ്യത: MA SYRIAC WITH MIN 50%, B Ed, SET OR EQUIVALENT, ശമ്പള സ്കെയിൽ: 55,200 1,15,300, പ്രായപരിധി: 01.01.2023 ന് 40 കവിയരുത് (നിയമാനുസൃത വയസിളവ് സഹിതം).

ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ഏപ്രിൽ 29 നകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കണം.

## എക്സിക്യൂട്ടീവ് എൻജിനിയർ ഒഴിവ്

സംസ്ഥാന ഭവന നിർമാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എൻജിനിയറെ നിയമിക്കുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ ചേർത്തുകൊണ്ട് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: www.kshb.kerala.gov.in.




### സാങ്കേതിക തടസ്സങ്ങൾ നീങ്ങി

# തോട്ടപ്പള്ളി നെല്ലു സംഭരണശാല നിർമാണത്തിന് അനുമതി

**അമ്പലപ്പുഴ:** കേന്ദ്ര വെയർ ഹൗസിങ് കോർപറേഷന്റെ തോട്ടപ്പള്ളിയിലെ നെല്ലു സംഭരണശാല നിർമിക്കുന്നതിന്റെ സാങ്കേതിക തടസ്സങ്ങൾ നീങ്ങി. സംസ്ഥാന കൃഷിവകുപ്പ് സംഭരണശാല നിർമിക്കുന്നതിന് അന്തിമാനുമതി നൽകി. തോട്ടപ്പള്ളി ചീപ്പ് പാലത്തിന്റെ തെക്കേ ഇറക്കത്തിൽ 2 ഏക്കർ സ്ഥലത്താണു ശാല നിർമിക്കുന്നത്. സംഭരണശാലയ്ക്ക് കൈമാറിയ സ്ഥലം തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നുവെന്ന ആക്ഷേപത്തെ തുടർന്നാണ് അനുമതി വൈകിയത്. ശാല നിർമിക്കാൻ കണ്ടെത്തിയ സ്ഥലം തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി കൃഷി വകുപ്പ് അഡീഷനൽ സെക്രട്ടറി കഴിഞ്ഞ 17ന് ഉത്തരവിറക്കി.

2016ൽ സെൻട്രൽ വെയർ ഹൗസിങ് കോർപറേഷൻ മാനേജർ നൽകിയ അപേക്ഷയിൽ ആലപ്പുഴ സബ് കലക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു കൃഷിവകുപ്പിന്റെ ഉത്തരവിറങ്ങിയത്. പ്രദേശം നിയമത്തിന്റെ പരിധിയിലല്ലെന്ന് വെയർ ഹൗസിങ് കോർപറേഷൻ അധികൃതർ വ്യക്തമാക്കിയെങ്കിലും ചതുപ്പുനിലം നികത്തുന്നതിനു സർക്കാരിൽ നിന്നു പ്രത്യേക ഉത്തരവ് വാങ്ങിവന്നാൽ അനുമതി നൽകാമെന്ന് റവന്യു വകുപ്പ് നിലപാടെടുത്തതോടെയാണ് നിർമാണ പ്രവർത്തനങ്ങൾ 2015ൽ തടസ്സപ്പെട്ടത്.

2012ൽ സംസ്ഥാന സർക്കാരിന്റെ ശുപാർശ പ്രകാരം അനുവദിച്ച ശാലയ്ക്ക് 2014ലാണ് ശിലാസ്ഥാപനം നടന്നത്. 8200 മെട്രിക് ടൺ നെല്ല് സംഭരിക്കാനുള്ള ശാല നിർമിക്കാനാണു നിശ്ചയിച്ചിരുന്നത്. 11 കോടി രൂപയായിരുന്നു അന്ന് ശാല നിർമിക്കാൻ വെയർ ഹൗസിങ് കോർപറേഷൻ നിശ്ചയിച്ചത്. അനുമതി കിട്ടിയ സാഹചര്യത്തിൽ പുതിയ കരാർ നൽകണം. ശാലയുടെ ഡിസൈൻ തയാറാക്കാൻ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയോടു കോർപറേഷൻ ആവശ്യപ്പെട്ടു. ഈ സാമ്പത്തിക വർഷം നിർമാണം പൂർത്തിയാക്കാനാണ് കോർപറേഷൻ ഉദ്ദേശിക്കുന്നതെന്ന് കോർപറേഷൻ റീജനൽ മാനേജർ വി.ആർ. മനീഷ് അറിയിച്ചു.

## കെ. എസ്. ആർ. ടി. സി ബജറ്റ് ടൂറിസം: വയനാട്, കൊച്ചി യാത്രയ്ക്ക് അവസരം

**പാലക്കാട്:** കെ.എസ്.ആർ.ടി.സി ബജറ്റ് ടൂറിസം പാലക്കാട് സെല്ലിന്റെ നേതൃത്വത്തിൽ ഏപ്രിൽ 27 ന് വയനാട്ടിലേക്കും മെയ് ഒന്നിന് കൊച്ചിയിലേക്കും യാത്ര സംഘടിപ്പിക്കുന്നു. ഏപ്രിൽ 27 ന് രാവിലെ അഞ്ചിന് പുറപ്പെട്ട് 29 ന് രാവിലെ തിരിച്ചെത്തുന്ന വിധത്തിലാണ് വയനാട് യാത്ര ക്രമീകരിച്ചിരിക്കുന്നത്. 2920 രൂപയാണ് ചാർജ്ജ്. മെയ് ഒന്നിന് കൊച്ചിയിലേക്ക് നടത്തുന്ന യാത്രയിൽ കായൽ സൗന്ദര്യം ആസ്വദിക്കുന്നതിനും മത്സ്യവിഭവങ്ങൾ രുചിക്കാനും കുട്ടവഞ്ചി സവാരിക്കും ചൂണ്ടയിട്ട് മീൻ പിടിക്കാനുമെല്ലാം അവസരമൊരുക്കുന്നുണ്ട്. സൂര്യാംശു എന്ന് പേരിട്ടിട്ടുള്ള ഏകദിന യാത്രയ്ക്ക് 1620 രൂപയാണ് ചാർജ്ജ്. രാവിലെ അഞ്ചിന് പുറപ്പെട്ട് രാത്രി 8.30ന് തിരിച്ചെത്തും. ടിക്കറ്റ് ആവശ്യമുള്ളവർ 9947086128 ൽ വാട്ട്സ് ആപ്പ് സന്ദേശം അയക്കണം.

## ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പാക്കും: മന്ത്രി റോഷി അഗസ്റ്റിൻ

**പെരുവണ്ണാമൂഴി:** ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ച് വരികയാണെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. ത്രിതല പഞ്ചായത്തുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചും, ബി.ഒ.ടി അടിസ്ഥാനത്തിലും പെട്ടന്ന് നടപ്പിലാക്കാൻ കഴിയുന്ന ചെറുതും വലുതുമായ പദ്ധതികൾ വിഭാവനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. പെരുവണ്ണാമൂഴി ടൂറിസം ഫെസ്റ്റിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ചടങ്ങിൽ ടി.പി രാമകൃഷ്ണൻ എം.എൽ.എ അധ്യക്ഷത വഹിച്ചു.

കേരളത്തിലെ എല്ലാ വീടുകളിലും വെള്ളമെത്തിക്കാനാണ് സർക്കാരിന്റെ ലക്ഷ്യം. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ കൂട്ടായ പദ്ധതിയായ ജൽ ജീവൻ മിഷനിലൂടെ 70,85,000 കുടുംബങ്ങൾക്കും പൈപ്പ് വെള്ളമെത്തിക്കുന്നതിന്റെ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 40 ലക്ഷം കുടുംബങ്ങൾക്ക് കണക്ഷൻ നൽകി കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.

# അടുത്ത ഒന്നാംവിളയ്ക്കു സമയമായി; നെല്ലെടുപ്പും വില വിതരണവും ഇഴയുന്നു

**പാലക്കാട്:** അടുത്ത ഒന്നാം വിളയിറക്കത്തിന് ഒരുക്കം തുടങ്ങേണ്ട സമയമായിട്ടും ജില്ലയിൽ നെല്ലെടുപ്പും വില വിതരണവും എവിടെയും എത്തിയില്ല. അടുത്ത ഒന്നാംവിള ഇറക്കുന്നതിനു മുൻപ് നെല്ലിന്റെ സംഭരണ വില ലഭിക്കുമോ എന്നു പോലും ഉറപ്പില്ല. ഇത്തവണ രണ്ടാം വിളയിൽ നെല്ലെടുത്തു സംഭരണ വില ലഭിച്ച് ആ തുക കൊണ്ടു വേണം അടുത്ത ഒന്നാംവിളയ്ക്കു നിലമൊരുക്കാൻ.

മാർച്ച് 28 വരെ പാസാക്കിയ പിആർഎസ് പ്രകാരമുള്ള സംഭരണവില ലഭ്യമാക്കിയെന്നു സപ്ലൈകോ അവകാശപ്പെടുമ്പോഴും അതുവരെ നെല്ലളന്ന ഒട്ടേറെ കർഷകർക്ക് ഇനിയും വില ലഭിക്കാനുണ്ട്. ഇതിനു ശേഷമുള്ള നെല്ലെടുപ്പിലെ വില വിതരണം പൂർണമായും സ്തംഭിച്ചിരിക്കുകയാണ്. ആയിരക്കണക്കിനു കർഷകർക്കാണ് നെല്ലിന്റെ വില ലഭിക്കാനുള്ളത്. വില വിതരണത്തിൽ ഇപ്പോഴും തീരുമാനം ആയിട്ടില്ല. തുകയും ഇല്ല,

ഇതിനെല്ലാം പുറമെ 2200 കിലോയിൽ കൂടുതലുള്ള നെല്ലെടുപ്പിൽ അവ്യക്തത തുടരുന്നു. അധിക നെല്ല് തൂക്കച്ചീട്ടിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇതുവരെ എടുത്തു തുടങ്ങിയിട്ടില്ല. നെല്ലെല്ലാം കൃഷിക്കാരുടെ വീടുകളിൽ കെട്ടിക്കിടക്കുകയാണ്. കൊയ്തെടുത്ത മുഴുവൻ നെല്ലും ഏപ്രിൽ മാസത്തിൽ തന്നെ സംഭരിക്കുമെന്ന് സപ്ലൈകോ ഉറപ്പു പറയുമ്പോഴും വില വിതരണത്തി!ൽ അനിശ്ചിതത്വം തുടരുന്നു. ഇപ്പോഴെങ്കിലും തുക ലഭിച്ചാൽ മാത്രമേ അടുത്ത ഒന്നാംവിളയ്ക്ക് ഒരുക്കങ്ങൾ തുടങ്ങാനാകൂ.

നെല്ലെടുപ്പു പൂർണതോതിലാക്കുമെന്നാണ് സപ്ലൈകോയുടെ അറിയിപ്പ്. ഇതിനായി താൽക്കാലിക വ്യവസ്ഥയിൽ 13 പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരെക്കൂടി നിയമിച്ചു. ഇതോടെ നെല്ലെടുപ്പിൽ പാഡി മാർക്കറ്റിങ് ഓഫിസർമാരെ സഹായിക്കാനായി 52 പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാരായി. എല്ലാ പാടശേഖരങ്ങൾക്കും മില്ല നുവദിച്ചു. വേണ്ടത്ര ഉദ്യോഗസ്ഥരും ആയി.

ജില്ലയിൽ നെല്ലെടുപ്പു വേഗത്തിലാക്കാൻ ചുമട്ടുതൊഴിലാളികളുടെ സേവനം കൂടി ഉറപ്പാക്കണമെന്ന് ആവശ്യം. വേണ്ടത്ര ചുമട്ടുതൊഴിലാളികൾ ഉണ്ടെങ്കിൽ മാത്രമേ എല്ലായിടത്തും ഒരേ സമയം നെല്ലെടുപ്പു വേഗത്തിലാക്കാനാകൂ. ഇതിനായി യോഗവും ചേർന്നിരുന്നു. വേനൽമഴ പെയ്തു തുടങ്ങിയാൽ ഇനിയും നെല്ലെടുക്കാൻ ബാക്കിയുള്ള കർഷകർ പ്രതിസന്ധിയിലാകും. മുറ്റത്തും വരാന്തയിലും റോഡരികിലുമായാണു നെല്ലു സൂക്ഷിച്ചിട്ടുള്ളത്.

ഏക്കറിനു 2200 കിലോ നെല്ലെടുക്കുന്നതോടൊപ്പം അധിക നെല്ലും സംഭരിക്കണമെന്നു കർഷകർ. ഇക്കാര്യത്തിൽ കൃഷി വകുപ്പും സപ്ലൈകോയും തമ്മിൽ ഇപ്പോഴും വേണ്ടത്ര ഏകോപനമില്ലാത്തതിനാൽ അധികനെല്ലു മുഴുവൻ കെട്ടിക്കിടക്കുന്ന സ്ഥിതിയാണ്. ഇതു കർഷകരെ കടുത്ത പ്രതിസന്ധിയിലാക്കുന്നു. നിർദേശം പുറത്തിറക്കിയും കൂടുതൽ വ്യക്തത വരുത്തിയുമൊക്കെ കൃഷി വകുപ്പ് ഉത്തരവുകൾ ഇറക്കുന്നുണ്ടെങ്കിലും നെല്ല് ഇപ്പോഴും കെട്ടിക്കിടക്കുകയാണ്. നെല്ലെടുത്തില്ലെങ്കിൽ പ്രതിഷേധിക്കാനുള്ള ഒരുക്കത്തിലാണു കൃഷിക്കാർ.

# നവ ചണ്ഡികാ യാഗത്തിന് ഇന്ന് തുടക്കം

**കൊച്ചി :** വിശ്വ രക്ഷാ യാഗ സമിതി വിശ്വ രക്ഷാ ദൗത്യത്തിനായി കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ നാല് ദിവസങ്ങളിലായി നടത്തുന്ന നവ ചണ്ഡികാ യാഗത്തിന് (25.04.2023, ചൊവ്വ) രാവിലെ 3ന് സൂര്യകാലടി ബ്രഹ്മശ്രീ സുബ്രഹ്മണ്യൻ ഭട്ടതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ വാഞ്ചാ കല്പലത ഗണപതി ഹോമത്തോടെ തുടക്കമാകും. 11.30ന് മുൻ ശബരിമല, ഗുരുവായൂർ മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ മഹാ മൃത്യുഞ്ജയ ഹോമം. തുടർന്ന് ഡോ.രാമാനന്ദിന്റെ പ്രഭാഷണം.

നാളെ (26.04.2023, ബുധൻ) വൈകിട്ട് 4.30ന് മുത്തപ്പൻ വെള്ളാട്ടം പറശ്ശിനി മടപ്പുര.



# മീഡിയ വില്ലേജ് സിനിമാസ് തുറന്നു

**ചങ്ങനാശേരി:** സെൻറ് ജോസഫ് കോളജ് ഓഫ് കമ്യൂണിക്കേഷൻ ആധുനിക സൗകര്യങ്ങളോടുകൂടി ഒരുക്കിയ കോളജ് തിയറ്റർ ഉദ്ഘാടനം നടനും നിർമാതാവും ദേശീയ സംസ്ഥാന അവാർഡ് ജേതാവുമായ നടൻ ജോജു ജോർജ് നിർവഹിച്ചു.

വിദ്യാർഥികളുടെ പഠനാവശ്യങ്ങൾക്കും സിനിമകളുടെ പ്രിവ്യൂ ഉൾപ്പെടെയുള്ള സാധ്യതകളും കണക്കിലെടുത്താണ് കോളജ് മീഡിയ വില്ലേജ് സിനിമാസ് എന്ന പേരിൽ തിയറ്റർ നിർമിച്ചിരിക്കുന്നത്. പ്രൊഡ്യൂസറും അസോസിയേറ്റ് ഫിലിം ഡയറക്ടറും പ്രൊഡക്ഷൻ മാനേജറും നടനുമായ എൻ.എം. ബാദുഷയും നടൻ ജോജു ജോർജും ചേർന്ന് മീഡിയ വില്ലേജ് സിനിമാസ് എന്ന ലോഗോ പ്രകാശനം ചെയ്തു.

235 പുഷ് ബാക്ക് സീറ്റുകൾ, അകാസ്റ്റിക് ഇൻറീരിയർ, 7.1 ക്യുഎസ്സി സൗണ്ട് സിസ്റ്റം, 10 * 5.6 മീറ്റർ സ്ക്രീൻ, ബാർകോ എഫ് 80 അൾട്രാ എച്ച്ഡി 4കെ ലേസർ പ്രൊജക്ടർ എന്നിവയാണ് തിയേറ്ററിൻറെ പ്രത്യേകതകൾ. സെൻറ് ജോസഫ് കോളജ് ഓഫ് കമ്യൂണിക്കേഷൻറെ ഇരുപതാം വർഷത്തിലാണ് തിയറ്റർ പ്രവർത്തനം ആരംഭിക്കുന്നത്. തിയറ്റർ പ്രവർത്തനസജ്ജമാകുന്നതോടെ ഫിലിം ഫെസ്റ്റിവൽ ഉൾപ്പെടെയുള്ള പരിപാടികൾ കാമ്പസിൽ സംഘടിപ്പിക്കുവാൻ കഴിയുമെന്ന് കോളജ് പ്രിൻസിപ്പൽ റവ. ഡോ. ജോസഫ് പാറയ്ക്കൽ അറിയിച്ചു. ഡോൾബി അറ്റ്മോസ് പ്രീമിക്സ് സ്റ്റുഡിയോ, ഗ്രീൻമാറ്റ് സ്റ്റുഡിയോ ഫ്ളോർ, ഓഡിയോ സ്റ്റുഡിയോ, അഡ്വാൻസ് ഫോട്ടോഗ്രാഫി സ്റ്റുഡിയോ, സ്റ്റോപ്പ് മോഷൻ ലാബ് തുടങ്ങിയ സൗകര്യങ്ങൾ നിലവിൽ കോളജിൽ വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്.

# ഉഡുപ്പി കാസർകോട് 400 കെ.വി വൈദ്യുതി ലൈൻ: യോഗം ചേർന്നു

**ഉഡുപ്പി:** കാസർകോട് 400 കെ.വി വൈദ്യുതി ലൈൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളുടേയും യോഗം ചേർന്നു. കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർചന്ദിന്റെ അധ്യക്ഷതയിലായിരുന്നു യോഗം. ഉഡുപ്പി കാസർകോട് 400 കെ.വി വൈദ്യുതി ലൈൻ കടന്നു പോകുന്ന ഏഴു പഞ്ചായത്തുകളിലെയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും സംശയങ്ങൾക്കും ആശങ്കകൾക്കും യു.കെ.ടി.എൽ കമ്പനി അധികൃതർ മറുപടി പറഞ്ഞു. നഷ്ടപരിഹാരം സംബന്ധിച്ചും ലൈൻ കടന്നു പോകുന്ന ഭാഗങ്ങളിൽ ആവശ്യമായ ഭൂമി സംബന്ധിച്ചുമുള്ള സംശയങ്ങൾക്കും മറുപടി നൽകി.

46 മീറ്റർ ദൂരമാണ് വൈദ്യുതി ലൈൻ കടന്നു പോകുന്ന ഭാഗങ്ങളിൽ വേണ്ടി വരുന്നത്. ഇരു ഭാഗങ്ങളിലുമായി 30 മീറ്ററും അതിന് പുറമെ ഇരു ഭാഗങ്ങളിലും എട്ടു മീറ്റർ ബഫർ സോണും ചേർത്താണ് 46 മീറ്റർ. 30 മീറ്ററിനു പുറത്ത് വീടുകളോ മറ്റു നിർമാണ പ്രവർത്തനങ്ങളോ നടത്തുന്നതിന് തടസ്സമില്ല. ടവറിനു ഇരു വശത്തും 5 മീറ്റർ പരിധിയിലുള്ള എല്ലാ മരങ്ങളും മുറിച്ചു മാറ്റും. 46 മീറ്ററിനുള്ളിലുള്ള മരങ്ങളുടെ ഉയരം വൈദ്യുതി ലൈനുമായി 8 മീറ്റർ അകലത്തിലായിരിക്കണം.

# വടകര ജില്ലാ ആശുപത്രി കെട്ടിടം ഉദ്ഘാടനം 28ന്



**വടകര:** ജില്ലാ ആശുപത്രിക്കു വേണ്ടി 17 കോടിയോളം രൂപ ചെലവിൽ പണിത പുതിയ കെട്ടിടം ഉദ്ഘാടനത്തിനൊരുങ്ങി. 4 നിലകളിൽ ലിഫ്റ്റ് ഉൾപ്പെടെയുള്ള സൗകര്യത്തോടെ പണിത കെട്ടിടം കുട്ടികളുടെയും സ്ത്രീകളുടെയും വിഭാഗം എന്ന പേരിലാണ് നിർമിച്ചതെങ്കിലും പുരുഷ വനിത ജനറൽ വാർഡിന് പുതിയ കെട്ടിടം പൂർത്തിയാകും വരെ തൽക്കാലം ജനറൽ വാർഡുകളായിരിക്കും പ്രവർത്തിക്കുക. കെട്ടിടത്തിന്റെ ഉദ്ഘാടനം 28 ന് രാവിലെ 11 ന് മന്ത്രി വീണാ ജോർജ് നിർവഹിക്കും. കെ.മുരളീധരൻ എംപി, കെ.കെ.രമ എന്നിവർ മുഖ്യാതിഥിയാകും. കെട്ടിട നിർമാണം നടത്തിയ ഊരാളുങ്കൽ സൊസൈറ്റി ചെയർമാൻ പാലേരി രമേശന് കെ.കെ.രമ എംഎൽഎ ഉപഹാരം നൽകും.

സംഘാടക സമിതി ചെയർപഴ്സനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി, കൺവീനറായി ആശുപത്രി സൂപ്രണ്ട് ഡോ.സരള നായർ എന്നിവരെ തിരഞ്ഞെടുത്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.പി. ശിവാനന്ദൻ, സ്ഥിരം സമിതി അധ്യക്ഷരായ എൻ.എം.വിമല, കെ.വി. റീന, വാർഡ് കൗൺസിലർ അജിത ചീരാംവീട്ടിൽ, ആർ.സത്യൻ, എടയത്ത് ശ്രീധരൻ, വടയക്കണ്ടി നാരായണൻ, എൻ.വി.ബാബു എന്നിവർ പ്രസംഗിച്ചു.

ജില്ലാ ആശുപത്രിക്ക് പുതിയ കെട്ടിടം കൂടി വരുന്നു. പ്രധാനമന്ത്രി ജന വികാസ് കാര്യക്രം പദ്ധതിയിൽപ്പെടുത്തി 83 കോടി രൂപ ചെലവിൽ പണിയുന്ന കെട്ടിടത്തിന് 6 നിലയുണ്ടാകും.

ഇതോടെ ആശുപത്രിയിൽ 70 വർഷം വരെ പഴക്കമുള്ള പല കെട്ടിടവും പൊളിച്ച് ഇതിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷ. പദ്ധതിയുടെ 60% കേന്ദ്ര സർക്കാരും ബാക്കി സംസ്ഥാന സർക്കാരുമാണ് വഹിക്കുക.

ഇതിന്റെ ആദ്യ ഗഡുവായ 43 കോടി രൂപ ആശുപത്രിയുടെ അക്കൗണ്ടിൽ എത്തിയിട്ട് ഒരു വർഷമായി.

# കോന്നി മെഡിക്കൽ കോളജ് അക്കാഡമിക് ബ്ലോക്ക് നാടിനു സമർപ്പിച്ചു

**കോന്നി:** ആരോഗ്യ മേഖലയിലെ ആഗോള സാധ്യതകൾ പ്രയോജനപ്പെടുത്താനും ആരോഗ്യ പരിചരണം, ഹെൽത്ത് ടൂറിസം തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട സേവനം നൽകിക്കൊണ്ട് കേരളത്തെ ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റിയെടുക്കാനുമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോന്നി സർക്കാർ മെഡിക്കൽ കോളജിലെ അക്കാഡമിക് ബ്ലോക്ക് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി .

ഹെൽത്ത് കെയർ പോളിസി രൂപീകരിക്കാനും നടപ്പിലാക്കാനും അതിനായി സൗകര്യങ്ങൾ ഒരുക്കാനുമുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കായി 30 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. കോന്നി മെഡിക്കൽ കോളജിനെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. പത്തനംതിട്ട ജില്ലയുടെ വികസനത്തിന് വലിയ തോതിൽ ഉപകരിക്കുന്ന സ്ഥാപനമാണിത്. മെഡിക്കൽ കോളജുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനൂതനമായ ഒരു ചുവടുവയ്പാണ് കോന്നി മെഡിക്കൽ കോളജിലെ അക്കാഡമിക് ബ്ലോക്കും അതിലെ സൗകര്യങ്ങളും.

ആരോഗ്യരംഗത്തെ മുന്നേറ്റങ്ങളിൽ ലോകം ശ്രദ്ധിക്കുന്ന ഒരിടമായി കേരളം മാറിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. പൊതുജനാരോഗ്യ സേവനങ്ങൾ സാർവത്രികമായി ലഭ്യമാക്കുന്ന കാര്യത്തിൽ നമ്മൾ ലോകത്തിനു തന്നെ മാതൃകയാണ്. കുറഞ്ഞ ശിശു, മാതൃമരണ നിരക്കിലും ആയുർദൈർഘ്യത്തിലുമെല്ലാം നമ്മുടെ നേട്ടങ്ങൾ വികസിത രാജ്യങ്ങൾക്കൊപ്പമാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. നിവാരണം ചെയ്യേണ്ടവയെന്ന് നമ്മുടെ രാജ്യം നിശ്ചയിച്ചിട്ടുള്ള രോഗങ്ങളെ നിവാരണം ചെയ്യുന്നതിൽ മുൻപന്തിയിലുള്ള സംസ്ഥാനമാണ് കേരളം.

സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിൻറെ ഭാഗമായി 140 നിയോജക മണ്ഡലങ്ങളിലും കുറഞ്ഞത് 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ നിർമിക്കാനാണ് ലക്ഷ്യമിടുന്നത്. മെഡിക്കൽ കോളജുകളിൽ ഐസൊലേഷൻ ബ്ലോക്കുകളും തയാറാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സയ്ക്കുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സാംക്രമികേതര രോഗപദ്ധതിയുടെ പോർട്ടൽ വികസിപ്പിക്കുന്നതിനും പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനുമായി 10 കോടി രൂപയും നീക്കിവച്ചു. ഇഹെൽത്ത് പ്രോഗ്രാമിനായി 30 കോടി രൂപയും കാരുണ്യ സുരക്ഷാ പദ്ധതിക്കായി 575 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളെ സമഗ്രമായി കണ്ടുകൊണ്ടുള്ള ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്.

മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു. എംഎൽഎമാരായ കെ.യു. ജനീഷ് കുമാർ, പ്രമോദ് നാരായൺ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഓമല്ലൂർ ശങ്കരൻ, ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ഡോ. തോമസ് മാത്യു, അഡീഷണൽ ചീഫ് സെക്രട്ടറി ആശാ തോമസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജിജി സജി, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് രേഷ്മ മറിയം റോയ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അസോസിയേഷൻ ജില്ലാ പ്രസിഡൻറ് ആർ. തുളസീധരൻ പിള്ള, പി. എസ്. മോഹനൻ, സിപിഎം ജില്ലാ സെക്രട്ടറി കെ.പി. ഉദയഭാനു, മുൻ എംഎൽഎ രാജു എബ്രഹാം, ഡിഎംഒ ഡോ.എൽ. അനിതകുമാരി, എൻഎച്ച്എം ഡിപിഎം എസ്. ശ്രീകുമാർ, മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. മറിയം വർക്കി, സൂപ്രണ്ട് ഇൻ ചാർജ് ഡോ.എ. ഷാജി, പിടിഎ പ്രസിഡൻറ് ജനിത വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു.

കോന്നി സർക്കാർ മെഡിക്കൽ കോളജിൽ നാല് പ്രധാന ഉദ്ഘാടന ചടങ്ങുകൾ ഇതിനോടകം നടന്നുവെങ്കിലും ഇതേവരെയും രോഗികളെ കിടത്തി ചികിത്സിക്കാനാകാത്തത് പ്രധാന പരിമിതിയായി നിലനിൽക്കുന്നു.

# കേരളത്തിന്റെ ആദ്യ കയറ്റുമതി നയം രണ്ട് മാസത്തിനുള്ളിൽ: മന്ത്രി പി.രാജീവ്

**കൊച്ചി:** സംസ്ഥാനത്തിന്റെ ആദ്യ കയറ്റുമതി നയം രണ്ട് മാസത്തിനുള്ളിൽ പ്രഖ്യാപിക്കുമെന്ന് വ്യവസായ മന്ത്രി പി.രാജീവ് അറിയിച്ചു. കേരളത്തിലെ കയറ്റുമതി മേഖലയിലുള്ളവരുമായി കൊച്ചിയിൽ നടത്തിയ മുഖാമുഖം പരിപാടിയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ സംസ്ഥാന തലത്തിൽ രൂപീകരിക്കും. വ്യവസായവാണിജ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ വ്യവസായ കേന്ദ്രം ഓഫീസുകളിലും കയറ്റുമതി പ്രോത്സാഹന കാര്യങ്ങൾക്ക് മാത്രമായി നോഡൽ ഓഫീസർമാരെ നിയമിക്കുമെന്നും മന്ത്രി പറഞ്ഞു.എറണാകുളം മാരിയറ്റ് ഹോട്ടലിൽ കെ.എസ്.ഐ.ഡി.സി സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ സംസ്ഥാനത്തെ കയറ്റുമതി മേഖലയിൽ നിന്നുള്ള വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളുമാണ് പങ്കെടുത്തത്. കയറ്റുമതിക്കായി കൊമേഴ്സ് മിഷൻ ശക്തിപ്പെടുത്തുമെന്ന് മന്ത്രി പറഞ്ഞു. മെഡിക്കൽ ഡിവൈസസ്, ഇലക്ട്രോണിക്സ് മേഖലകളിലെ ആഗോള കമ്പനികളുടെ സ്റ്റോക്ക് യാഡ്, അസംബ്ലിംഗ് സെന്ററുകൾ എന്നിവ കേരളത്തിലേക്ക് എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കും. വിമാനത്താവളങ്ങളോട് ചേർന്ന് കയറ്റുമതി ഉൽപന്നങ്ങളുടെ ഗുണനിലവാര പരിശോധനക്കും സംഭരണത്തിനുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു.ആരോഗ്യ രക്ഷാ ഉപകരണ മേഖലയിൽ ബഹുരാഷ്ട്ര കമ്പനികളാണ് വിപണിയുടെ എൺപത് ശതമാനവും നിയന്ത്രിക്കുന്നതെന്ന് അഗാപ്പെ എം.ഡി തോമസ് ജോൺ ചർച്ചയിൽ ചൂണ്ടിക്കാട്ടി. ഇവയിൽ പ്രധാന സ്ഥാപനങ്ങളെ കേരളത്തിൽ എത്തിച്ചാൽ ഇവിടെ നിന്നുള്ള കയറ്റുമതിയും വർധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഇതിനായി പ്രധാന കമ്പനികളുമായി കൂടിക്കാഴ്ചക്ക് പരിപാടി തയ്യാറാക്കുമെന്ന് മന്ത്രി പി.രാജീവ് അറിയിച്ചു. ഇലക്ട്രോണിക്സ് മേഖലയിലും പ്രധാന ആഗോള കമ്പനികളേയും ഘടക ഉൽപന്നങ്ങളുടെ വിതരണക്കാരേയും കേരളത്തിലേക്ക് എത്തിക്കാൻ പരിപാടി തയ്യാറാക്കും. സിങ്കപ്പൂർ മാതൃകയിൽ പ്രധാന ആഗോള കമ്പനികളുടെ സ്റ്റോക്ക്യാർഡുകൾ കേരളത്തിൽ ആരംഭിക്കാനായിരിക്കും ശ്രമിക്കുക. പാദരക്ഷാ കയറ്റുമതിയുമായി ബന്ധപ്പെട്ട ഗുണനിലവാര പരിശോധനക്ക് സൗകര്യം വേണമെന്ന് ആവശ്യമുയർന്നു. വിമാനത്താവളങ്ങളിലെ ടെർമിനൽ കൈകാര്യച്ചെലവ് കയറ്റുമതിക്കാരുടെ ആവശ്യങ്ങൾ കൂടി കണ്ടു വേണം നിശ്ചയിക്കാനെന്നും കൊച്ചി തുറമുഖത്തെ തൊഴിൽ പ്രശ്നങ്ങൾ രമ്യമായി കൈകാര്യം ചെയ്യുന്നതിന് സ്ഥിരം സമിതി




വേണമെന്നും പ്രതിനിധികൾ ആവശ്യമുന്നയിച്ചു.സമുദ്രോൽപന്ന കയറ്റുമതിയുടെ പ്രധാന കേന്ദ്രമായ ആലപ്പുഴയിൽ ഫാക്ടറികളുടെ മാലിന്യ പ്രശ്നത്തിന് പരിഹാരമായി ചന്തിരൂരിൽ പുതിയ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ളാൻറ് സ്ഥാപിക്കാനുള്ള 16 കോടി രൂപയുടെ പദ്ധതിക്ക് സിഡ്ബി ധനസഹായം സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. അസംസ്കൃത വസ്തു ലഭ്യത ഉറപ്പു വരുത്തുന്നതിനായി അക്വാ കൾച്ചർ രംഗത്തെ സാധ്യതകളും ഉപയോഗിക്കും. മന്ത്രിമാരുടെ നോർവ്വേ സന്ദർശനത്തിന്റെ തുടർച്ചയായി ഇതിനുള്ള ചർച്ചകളും നടന്നു വരികയാണ്. കേന്ദ്ര സർക്കാരിന്റെ ഓപ്പൺ സ്കൈ പോളിസി നിലവിലുള്ളതിനാൽ കൂടുതൽ ചരക്കു വിമാന സർവ്വീസുകൾക്ക് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും കയറ്റുമതിക്കാർ ആവശ്യപ്പെട്ടു.കയർ,മറൈൻ, ഫുഡ്, ഇലക്ട്രോണിക്സ് സിസ്റ്റം ഡിസൈൻ ആൻഡ് മാനുഫാക്ചറിങ്, അലൂമിനിയം തുടങ്ങി, കേരളത്തിലെ വിവിധ കയറ്റുമതി മേഖലകളിൽ നിന്നുള്ളവർ ചർച്ചയിൽ പങ്കെടുത്തു. നോർക്ക, വ്യവസായം പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ഐ.എ.എസ് വിഷയം അവതരിപ്പിച്ചു. കെ.എസ്.ഐ.ഡി.സി ചെയർമാൻ പോൾ ആന്റണി ഐ.എ.എസ്, കെ. എസ്.ഐ.ഡി.സി എംഡി എസ്.ഹരികിഷോർ, കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ വിജീഷ് കുമാർ ഐ.ആർ.എസ്, ജോയിന്റ് ഡി.ജി.എഫ്.ടി. കെ.എം.ഹരിലാൽ, എം.പി.ഇ.ഡി.എ ജോയിന്റ് ഡയറക്ടർ, മാർക്കറ്റിങ് പി.അനിൽ കുമാർ, എ.പി.ഇ.ഡി.എ ബിസിനസ് ഡവലപ്മെന്റ് മാനേജർ എസ്.മനീഷ, എഫ്.ഐ.ഇ.ഒ അസിസ്റ്റന്റ് ഡയറക്ടർ ആൻഡ് ഹെഡ് എം.സി രാജീവ് കെ.എസ്.ഐ.ഡി.സി എംഡിയും വ്യവസായ വകുപ്പ് ഡയറക്ടറുമായ എസ്.ഹരികിഷോർ സംസാരിച്ചു

# കേരാളാഗ്രോ ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിലിറക്കി

**കൊച്ചി:** ഈ വർഷം സംസ്ഥാനത്ത് നിന്നുള്ള ആയിരം കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിലെത്തിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്. എറണാകുളം മറൈൻ ഡ്രൈവിൽ കേരാളാഗ്രോ എന്ന ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിലെത്തിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആദ്യ ഘട്ടത്തിൽ നൂറ് ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനായിരുന്നു ആലോചിച്ചിരുന്നതെങ്കിലും ഇതിനോടകം 131 മൂല്യവർധിത ഉൽപ്പന്നങ്ങളാണ് ഓൺലൈനിൽ എത്തിച്ചത്. ഭൗമ സൂചിക പദവി ലഭിച്ച കാർഷിക വിളകളുടെ ഉൽപ്പന്നങ്ങൾകൂടി ഘട്ടം ഘട്ടമായി ഓൺലൈൻ വിപണിയിലെത്തിക്കും. ആയിരം ഉൽപ്പന്നങ്ങൾ എന്ന ലക്ഷ്യത്തിലേക്കെത്താൻ എല്ലാ കൃഷി ഭവനുകളിൽ നിന്നും ഒരു മൂല്യവർധിത ഉൽപ്പന്നമെങ്കിലും തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പശ്ചിമഘട്ടത്തിൽ വളരുന്നതിനാൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വിഷരഹിത കാർഷിക വിളകൾക്ക് മികച്ച ഗുണമേന്മയുള്ളതിനാൽ കേരളത്തിന് പുറത്ത് നിരവധി ആവശ്യക്കാരാണുള്ളത്. ഉൽപ്പന്നങ്ങൾ ഏറ്റവും മികച്ച പാക്കറ്റുകളിൽ വിതരണം ചെയ്യുന്നതിനായി മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കിംഗിന്റെ സഹായം തേടിയിട്ടുണ്ട്.കാർഷിക മേഖലയിൽ കൃഷിയിടത്തെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണത്തിന് സർക്കാർ തുടക്കം കുറിച്ചു. കൃഷിയുടെ വികസനത്തിനായി ഒരു കൃഷി ഭവനിൽ 10 ഫാം പ്ലാനുകൾ എന്ന അടിസ്ഥാനത്തിൽ 10,760 ഫാം പ്ലാനുകൾ തയ്യാറാക്കി. കാർഷിക മേഖലയെ മൂല്യവർധിത കൃഷിയിലേക്ക് മാറ്റുന്നതിനായി മൂല്യ വർധിത കമ്മീഷന് രൂപം കൊടുക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 11 വകുപ്പുകളെ ഉൾപ്പെടുത്തിയാണ് കമ്മീഷൻ രൂപീകരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.കേരളാഗ്രോയുടെ പ്രചാരണാർത്ഥം തയ്യാറാക്കിയ കിയോസ്ക്കുകളുടെ അനാച്ഛാദനം മന്ത്രി നിർവഹിച്ചു. സഹകരണ എക്സ്പോ 2023 വേദിയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ ടി.ജെ വിനോദ് എം.എൽ.എ അധ്യക്ഷനായി.പദ്ധതിയുടെ പ്രചാരണാർത്ഥം സംഘടിപ്പിച്ച കാർഷിക ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ മേയർ എം.അനിൽകുമാർ വിതരണം ചെയ്തു. പെയിന്റിംഗ് മത്സരവിജയികൾക്കുള്ള സമ്മാനദാനം ഹൈബി ഈഡൻ എം.പിയും ഓൺലൈൻ ഫോട്ടോഗ്രാഫി മത്സര വിജയികൾക്കുള്ള സ



മ്മാനദാനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസും നിർവഹിച്ചു.കൃഷിവകുപ്പ് ഡയറക്ടർ കെ.എസ് അഞ്ജു, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം, മുതിർന്ന കർഷക എൽസി ജോർജ്, കൃഷി അഡീ. ഡയറക്ടർമാരായ ആർ. വീണ റാണി, ജോർജ്ജ് സെബാസ്റ്റ്യൻ, സുനിൽ കുമാർ, കൃഷി ജോയിന്റ് ഡയറക്ടർ വി. രജത, ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ കൃഷി ഓഫിസർ എസ്. പത്മം, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷീല പോൾ തുടങ്ങിയവർ പങ്കെടുത്തു.സംസ്ഥാനത്തെ കൃഷിയിടങ്ങളിൽ ഉത്പാദിപ്പിക്കുന്ന വിളയിനങ്ങളെ മൂല്യവർധിത ഉൽപന്നങ്ങളാക്കി ഓൺലൈൻ വിപണിയിലെത്തിക്കാനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. കേരളാഗ്രോ എന്ന ബ്രാൻഡിൽ ആമസോൺ, ഫ്ലിപ്പ്കാർട്ട് തുടങ്ങിയ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെയാണ് വിൽപ്പനക്കെത്തിക്കുന്നത്. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ വിവിധ ഫാമുകളിൽ നിന്നുള്ള മൂല്യ വർധിത ഉൽപ്പന്നങ്ങളാണ് വിപണിയിൽ ഏത്തിക്കുന്നത്. ഉദ്ഘാടനത്തോടനുബന്ധിച്ച് ഓൺലൈൻ വിപണിയിലേക്കുള്ള മാർഗ്ഗങ്ങൾ, പ്രശ്നങ്ങൾ, സാധ്യതകൾ എന്ന വിഷയത്തിൽ സംഘടിപ്പിച്ച ചർച്ചയ്ക്ക് കൃഷി അസി. ഡയറക്ടർ നിർമല സിസിലി ജോർജ് നേതൃത്വം നൽകി.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:**ജില്ലയിൽ മാനസികരോഗ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് പി. ആർ. സി രജിസ്ട്രേഷൻ നൽകിയിട്ടുള്ളതിൽ കുറഞ്ഞത് 25 പേരെ എങ്കിലും താമസിപ്പിച്ചിട്ടുള്ളതും നിശ്ചിത ക്വാളിഫിക്കേഷനും പ്രവർത്തിപരിചയവും ഉള്ള സ്റ്റാഫിനെ നിയോഗിച്ച റൂൾസ് പ്രകാരം സേവനം നൽകി വരുന്നതുമായ സ്ഥാപനങ്ങൾക്ക് സൈക്കോസോഷ്യൽസ്ഥാപനങ്ങൾക്കുള്ള 2022 23 സാമ്പത്തികവർഷത്തെ ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു.അപേക്ഷകൾ മെയ് 15ന് മുൻപായി കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഫോൺ :04842425377

## ഇന്റേൺഷിപ്പിന് അവസരം

**കൊച്ചി:** എൻവയോൺമെന്റൽ സയൻസ്, ജിയോളജി / എർത്ത് സയൻസ്, സോഷ്യോളജി, സോഷ്യൽ വർക്ക്, ബോട്ടണി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദധാരികൾക്കും സിവിൽ എഞ്ചിനീയറിംഗ്, കൃഷി എന്നീ വിഷയങ്ങളിൽ ബിരുദധാരികൾക്കും ജേർണലിസത്തിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ പി.ജി ഡിപ്ലോമ വിജയിച്ചവർക്കും സിവിൽ എഞ്ചിനീയറിംഗിൽ 3 വർഷത്തെ ഡിപ്ലോമ പാസായവർക്കും നവകേരളം കർമ്മപദ്ധതിയിൽ ഇന്റേൺഷിപ്പ് പ്രോഗ്രാമിന് അപേക്ഷിക്കാം. 6 മാസമാണ് കാലാവധി. തെരഞ്ഞെടുക്കപ്പെടുന്നവർ 14 ജില്ലാ മിഷൻ ഓഫീസുമായും നവകേരളം കർമ്മപദ്ധതി സംസ്ഥാന ഓഫീസുമായും ബന്ധപ്പെട്ടാണ് പ്രവർത്തിക്കേത്. അതാത് രംഗത്തെ വിദഗ്ദ്ധർ പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകും. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും പ്രതിമാസം സർക്കാർ അംഗീകൃത സ്റ്റൈപൻഡും നൽകുന്നതാണ്. ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുക. ഹരിതകേരളം മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഓൺലൈൻ സംവിധാനം **www.careers.haritham.kerala.gov.in** മുഖേന 2023 ഏപ്രിൽ 25 മുതൽ മെയ് 5 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രായപരിധി 27 വയസ്സ്.

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** വെള്ളാരംകുത്ത് സാമൂഹ്യ പഠനമുറിയിൽ നിലവിലുള്ള ഫെസിലിറ്റേറ്റർ ഒഴിവിലേക്ക് കൂടിക്കാഴ്ച നടത്തുന്നു. പട്ടികവർഗ്ഗ യുവതീയുവാക്കൾക്കാണ് അവസരം. താത്പര്യമുള്ളവർ വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, പ്രവൃത്തി പരിചയം കാണിക്കുന്ന സർട്ടിഫിക്കറ്റ്, അഡ്രസ് പ്രൂഫ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ എന്നിവ സഹിതം 28 ന് രാവിലെ 11ന് മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നടക്കുന്ന വാക്ക്ഇൻഇന്റർവ്യൂവിൽ ഹാജരാകേതാണ്. യോഗ്യത: ബിരുദാനന്തര ബിരുദം, ബിരുദം, ബി.എഡ്/ടി.ടി.സി യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും. പ്രതിമാസം 15000 രൂപ പ്രതിഫലം. പ്രായപരിധി 25 45 മദ്ധ്യേ. നിയമനം താത്ക്കാലികമാണ്. കോളനി നിവാസികൾക്ക് നിയമനത്തിൽ മുൻഗണന ഉായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04852814957

# നേച്ചർസ് ഫൈനെസ്റ്റ് ആഭരണ ശേഖരം അവതരിപ്പിച്ച് മിയ ബൈ തനിഷ്ക്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഫൈൻ ജൂവലറി ബ്രാൻഡായ മിയ ബൈ തനിഷ്ക് തങ്ങളുടെ ഏറ്റവും പുതിയ ശേഖരമായ നേച്ചർസ് ഫൈനെസ്റ്റ് വിപണിയിലവതരിപ്പിച്ചു. വെർട്ടിക്കൽ ഗാർഡനുകൾ, നഗര പാർക്കുകൾ, നഗര വനങ്ങൾ എന്നിവയുടെ ഭംഗിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, 100 ശതമാനം പുനരുപയോഗം ചെയ്ത സ്വർണ്ണത്തിൽ നിർമ്മിച്ച ഈ മൾട്ടികളർ പാലറ്റ് ശേഖരം നഗരങ്ങളിൽ കാണപ്പെടുന്ന പ്രകൃതിയോടുള്ള യഥാർത്ഥ ആദരവാണെന്ന് പുതിയ ശേഖരം അവതരിപ്പിച്ചുകൊണ്ട് മിയ ബൈ തനിഷ്കിന്റെ ബിസിനസ് ഹെഡ് ശ്യാമള രമണൻ പറഞ്ഞു. മിയയുടെ നേച്ചർ ഫൈനെസ്റ്റ് ശേഖരം സുസ്ഥിരതാ മാനദണ്ഡങ്ങളിൽ ശ്രദ്ധ ചെലുത്തിക്കൊണ്ട്, ട്രെൻഡ് ജെം ആയ എമറാൾഡിൽ രൂപകൽപന ചെയ്തിട്ടുള്ളതാണ്. വായുസഞ്ചാരമുള്ള മാർക്വീസ് ആകൃതി ക്രമീകരണങ്ങളും നഗരദൃശ്യങ്ങളിൽ നിന്നുള്ള സ്റ്റൈലൈസ്ഡ് ചെടികളോട് സാമ്യമുള്ള ഗംഭീരമായ സ്വിംഗിംഗ് ലൈനുകളും നേച്ചർസ് ഫൈനെസ്റ്റ് ശേഖരത്തെ യഥാർത്ഥ മാസ്റ്റർപീസ് ആക്കുന്നു.തോങ്ങ് ബ്രേസ് ലെറ്റുകളും വലിയ എമറാൾഡ് ഇയർ കഫുകളും ആണ് ഈ ശേഖരത്തിലെ ഷോപീസുകൾ. ലളിതവും പ്രൗഢവുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ആഭരണങ്ങൾ വലിപ്പം തോന്നിക്കുന്നതും ചെയിൻ അടിസ്ഥാനമാക്കിയുള്ളതും പുതുതലമുറ സ്ത്രീകൾക്കിടയിൽ വളരെ ജനപ്രിയവുമാണ്. നീളമേറിയ, ബാഗെറ്റ് ആകൃതിയിലുള്ള ഈ എമറാൾഡ് ആഭരണങ്ങൾ ഏത് വേനൽക്കാല വസ്ത്രത്തിനും അനുയോജ്യമായ കൂട്ടിച്ചേർക്കലാക്കി മാറ്റുന്നു. ഉപയോക്താക്കളെ ശാന്തിയിലേയ്ക്കും സമാധാനത്തിലേയ്ക്കും നയിക്കും വിധമാണ് ഈ ആഭരണങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.തിരക്കുപിടിച്ച സംസ്കാരവും നഗര സമ്മർദ്ദവും വർദ്ധിക്കുന്നതോടെ, മനസ്സിനെയും ശരീരത്തെയും ആത്മാവിനെയും ശുദ്ധമാക്കുവാനും പുനരുജ്ജീവിപ്പിക്കാനും പ്രകൃതി മികച്ച അവസരങ്ങൾ നൽകുന്നുണ്ടെന്നും ശ്യാമള രമണൻ പറഞ്ഞു. പ്രകൃതിദത്തമായ മരതകങ്ങളുള്ള ഞങ്ങളുടെ ഏറ്റവും പുതിയ ഡിസൈനുകൾ നഗര കോൺക്രീറ്റ് കാടിനെയും ചുറ്റുപാടുകളെയും ഹരിതാഭമാക്കുന്നതിൽ അഭിനിവേശമുള്ള പുതിയ തലമുറയുടെ പ്രതിനിധാനമാണെന്നും അവർ പറഞ്ഞു.



# വോയ്സ് ഓവർ വൈഫൈ കോളിങ് സൗകര്യം അവതരിപ്പിച്ച് 'വി'

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെലികോം സേവന ദാതാവായ 'വി 'കേരള സർക്കിളിലെ പ്രീപെയ്ഡ്, പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്കായി വോയ്സ് ഓവർ വൈഫൈ സേവനം അവതരിപ്പിച്ചു. കൊച്ചി, തിരുവനന്തപുരം, തൃശൂർ, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ മുഖ്യ നഗരങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ വി ഉപഭോക്താക്കൾക്ക് ഇപ്പോൾ ഈ സേവനം ലഭ്യമാണ്.കെട്ടിടങ്ങൾക്കുള്ളിൽ എല്ലാ ബ്രോഡ്ബാൻഡ് നെറ്റ്വർക്കുകളിലും തടസമില്ലാത്തതും വിപുലീകരിച്ചതുമായ കവറേജായിരിക്കും വി വോയ്സ് ഓവർ വൈഫൈ ലഭ്യമാക്കുക. വൈഫൈയിൽ കണക്റ്റ് ചെയ്തിരിക്കുമ്പോൾ വീട്ടിലായാലും ഓഫീസിലായാലും കോളുകൾ മുറിഞ്ഞു പോകാതെയും ഉയർന്ന നിലവാരം നിലനിർത്തിയും കോളുകൾ നടത്താൻ ഉപഭോക്താക്കൾക്കു സാധിക്കും.കേരള സർക്കിളിലെ വി പോസ്റ്റ്പെയ്ഡ്, പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് ഇപ്പോൾ വോയ്സ് ഓവർ വൈഫൈ കോളുകൾ ഇപ്പോൾ അധിക ചാർജില്ലാതെ നടത്താം.ലളിതമായ രീതിയിൽ വി ഉപഭോക്താക്കൾക്ക് സ്മാർട്ട് ഫോണിൽ തികച്ചും സൗജന്യമായി വോയ്സ് ഓവർ വൈഫൈ കോളിങ് സേവനം ആക്ടിവേറ്റു ചെയ്യാം.

# ഇൻഷുറൻസ് പ്രീമിയം: 16.67 ശതമാനം വളർച്ച നേടിയതായി എൽ.ഐ.സി

**കൊച്ചി:** ഇൻഷുറൻസ് പ്രീമിയം വരുമാനത്തിൽ 2022-23 സാമ്പത്തിക വർഷം എൽഐസി 16.67 ശതമാനം വളർച്ച നേടിയതായി എൽ.ഐ.സി അധികൃതർ വ്യക്തമാക്കി. മുൻവർഷത്തെ 1.99 ലക്ഷം കോടി രൂപയിൽ നിന്ന് 2.32 ലക്ഷം കോടി രൂപയിലെത്തി. ഈ വർഷം മാർച്ച് വരെയുള്ളയുള്ള കണക്കുകൾ പ്രകാരം, പ്രീമിയം വരുമാനത്തിൽ 62.58 ശതമാനം വിപണി വിഹിതത്തോടെ ഇന്ത്യയിലെ ഇൻഷുറൻസ് രംഗത്ത് ഏറ്റവും മുന്നിലുള്ളത് എൽഐസി ആണ്. സ്വകാര്യ ഇൻഷുറൻസ് കമ്പനികളും മാർച്ച് മാസത്തിൽ പ്രീമിയം വരുമാനത്തിൽ മുന്നേറ്റമുണ്ടാക്കിയതായി ലൈഫ് ഇൻഷുറൻസ് കൗൺസിൽ കണക്കുകൾ വ്യക്തമാക്കുന്നു. പ്രീമിയം വരുമാന വർധനയിൽ എൽഐസി രണ്ടാമതാണ്. 18.83 ശതമാനം വളർച്ചയോടെ എച്ച്ഡിഎഫ്സി ലൈഫ് ആണ് ഒന്നാമത്. 16.22 ശതമാനം വളർച്ചയോടെ എസ്ബിഐ ലൈഫ് ആണ് മൂന്നാമത്. വ്യക്തിഗത സിംഗിൾ പ്രീമിയം 3.30 ശതമാനവും വ്യക്തിഗത നോൺസിംഗിൾ പ്രീമിയം 10 ശതമാനവും വളർന്നു. ഗ്രൂപ്പ് സിംഗിൾ പ്രീമിയം 1.37 ലക്ഷം കോടി രൂപയിൽ നിന്ന് 21.76 ശതമാനം വർധിച്ച് 1.67 ലക്ഷം കോടി രൂപയിലെത്തി. മാർച്ചിൽ മാത്രം വ്യക്തിഗത വിഭാഗത്തിലെ എൽഐസിയുടെ പ്രീമിയം വരുമാനം 10000 കോടി രൂപ കവിഞ്ഞു. ഇൻഷുറൻസ് കമ്പനികളിൽ ഏറ്റവും ഉയർന്ന നേട്ടമാണിതെന്നും എൽ.ഐ.സി അധികൃതർ വ്യക്തമാക്കി.

# സ്വർണ ഇ.ടി.എഫുമായി ഡി.എസ്.പി. അസറ്റ് മാനേജേഴ്സ്

**കൊച്ചി:** ഡി.എസ്.പി. അസറ്റ് മാനേജേഴ്സ് ഡി.എസ്.പി. സ്വർണ ഇ.ടി.എഫ്. അവതരിപ്പിച്ചു. സ്വർണത്തിന്റെ ആഭ്യന്തര വില ട്രാക്ക് ചെയ്തുകൊണ്ട് നിക്ഷേപം നടത്താൻ സഹായിക്കുന്ന ഒരു ഓപ്പൺ എൻഡഡ് എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ട് ആണിത്. ഏപ്രിൽ 17ന് ആരംഭിച്ച പുതിയ ഫണ്ട് ഓഫർ ഏപ്രിൽ 24ന് അവസാനിക്കും. സ്വർണം വാങ്ങുന്നതിനുള്ള അനുകൂല സാഹചര്യം വിപണിയിൽ സംജാതമാകുന്ന സമയത്ത് ഈ പുതിയ ഇ.ടി.എഫ്. നിക്ഷേപകർക്ക് എളുപ്പത്തിൽ സ്വർണം വാങ്ങാനും വിൽക്കാനുമുള്ള അവസരമൊരുക്കും.ഡോളർ മൂല്യശോഷണം നേരിടുമ്പോഴാണ് സാധാരണഗതിയിൽ സ്വർണത്തിലേക്കുള്ള നിക്ഷേപം കൂടുന്നത്. ഭാവിയിൽ ഡോളർ കൂടുതൽ ദുർബലമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് സ്വർണത്തിലേക്കുള്ള നിക്ഷേപം വർധിപ്പിക്കും. ആഗോള പണലഭ്യത കുറയുകയും സ്വർണ നിക്ഷേപ ആവശ്യകത തിരിച്ചുവരികയും ചെയ്യും.

# കൊടക്ക്-ഗോപീചന്ദ് ബാഡ്മിന്റൺ അക്കാദമി പ്രവർത്തനമാരംഭിച്ചു



**ഹൈദരാബാദ്:** കൊടക്ക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡും (കെഎംബിഎൽ ബാങ്ക്) പുല്ലേല ഗോപീചന്ദ് ബാഡ്മിന്റൺ ഫൗണ്ടേഷനും തെലങ്കാനയിലെ ഗച്ചിബൗളിയിൽ ലോകോത്തര ബാഡ്മിന്റൺ പരിശീലന കേന്ദ്രമായ 'കൊടക്ക് പുല്ലേല ഗോപീചന്ദ് ബാഡ്മിന്റൺ അക്കാദമി' പ്രവർത്തനം ആരംഭിച്ചു. അത്യന്താധുനിക ബാഡ്മിന്റൺ കേന്ദ്രം കെഎംബിഎല്ലിന്റെ സ്പോർട്സിനു വേണ്ടിയുള്ള കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത (സിഎസ്ആർ) പ്രോജക്റ്റിന്റെ ഭാഗമാണ്. ബാങ്കും ഗോപീചന്ദും സംയുക്തമായി രൂപം നൽകിയ വീക്ഷണത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുത്ത ഈ കേന്ദ്രം ഇന്ത്യക്ക് ബാഡ്മിന്റൺ മേഖലയിൽ ഇനിയും ഏറെ പൊൻതൂവലുകൾ ചാർത്തിക്കൊടുക്കുവാൻ ലക്ഷ്യമിട്ടു കൊണ്ടുള്ളതാണെന്ന് കൊടക്ക് മഹീന്ദ്ര ബാങ്കിന്റെ ഡയറക്ടറായ ശാന്തി ഏകാംബരം പറഞ്ഞു,ബാഡ്മിന്റൺ പരിശീലന കേന്ദ്രത്തിൽ അത്യാധുനികമായ അടിസ്ഥാന സൗകര്യങ്ങളും മറ്റും ലഭ്യമാണെന്ന് മാത്രമല്ല, ഇവിടെ വളർന്ന് വരുന്നവരും പ്രശസ്തിയിലേക്ക് ഉയർന്നവരുമായ കായിക താരങ്ങൾക്ക് ഒരുപോലെ ഏറ്റവും മികച്ച രീതിയിലുള്ള പരിശീലനം നൽകാൻ പ്രാപ്തരായ അന്താരാഷ്ട്ര പരിശീലകരും ഉണ്ടായിരിക്കുമെന്നും ശാന്തി വ്യക്തമാക്കി.

# പെരുമ്പാവൂരിൽ പുതുക്കിയ ടച്ച്പോയിന്റ് തുറന്ന് ഫോക്സ് വാഗൺ

**പെരുമ്പാവൂർ:** ഫോക്സ് വാഗൺ പാസഞ്ചർ കാർസ് ഇന്ത്യ പെരുമ്പാവൂരിൽ പുതിയ ടച്ച്പോയിന്റ് ഉദ്ഘാടനം ചെയ്തു. ഇവിഎം പാസഞ്ചർ കാർസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സാബു ജോണിയാണ് ടച്ച്പോയിന്റിന് നേതൃത്വം നൽകുന്നത്. ടച്ച്പോയിന്റിൽ 30 വിപണനസേവന ജീവനക്കാരും പ്രവർത്തിക്കുന്നു.ഫോക്സ് വാഗൺ ഡിഎൻഎയുടെ അടിത്തറയായ മികച്ച നിർമാണ നിലവാരവും ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങളും രസകരമായ ഡ്രൈവിംഗ് അനുഭവങ്ങളും പ്രതിഫലിപ്പിക്കുന്ന ജർമൻ എൻജിനീയറിംഗ് ഉൽപ്പന്നങ്ങളുടെ ശേഖരം പെരുമ്പാവൂരിൽ പ്രദർശിപ്പിക്കും. ഇന്ത്യയിലെ ഏറ്റവും സുരക്ഷിതമായ എസ്യുവിഡബ്ല്യു ഫോക്സ് വാഗൺ ടൈഗൂൺ, ഏറ്റവും കൂടുതൽ അവാർഡ് ലഭിച്ച പ്രീമിയം മിഡ്സൈസ് സെഡാൻ ഫോക്സ് വാഗൺ വെർടസ്, ആഗോള ബെസ്റ്റ് സെല്ലർ ഫോക്സ് വാഗൺപോയിന്റ്. പുതിയ ടച്ച്പോയിന്റ് ഉപഭോക്താക്കൾക്ക് മികച്ച സേവനവും ഉപഭോക്തൃ അനുഭവങ്ങൾ നൽകുമെന്ന് ഫോക്സ് വാഗൺ പാസഞ്ചർ കാർസ് ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.ഉയർന്ന നിലവാരമുള്ള സേവനവും മികച്ച ഉപഭോക്തൃ അനുഭവങ്ങളും ലഭ്യമാക്കുന്നതിന് തങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഫോക്സ് വാഗണിന്റെ നൂതന സാങ്കേതികവിദ്യയ്ക്കും എഞ്ചിനീയറിംഗിനൊപ്പം ഏറ്റവും മികച്ച സേവനവും വിൽപ്പനാനന്തര പിന്തുണയും ഇവിടെ ലഭ്യമാക്കുമെന്ന് ഇവിഎം പാസഞ്ചർ കാർസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സാബു ജോണി പറഞ്ഞു. ത്രീകാർ ഡിസ്പ്ലേയ്ക്ക് പുറമേ ഫോക്സ് വാഗൺ ഉപഭോക്താക്കളുടെ എല്ലാ സേവന, പരിപാലന ആവശ്യകതകളും നിറവേറ്റുന്നതിനായി പരിശീലനം ലഭിച്ച ഉയർന്ന വൈദഗ്ധ്യമുള്ള സാങ്കേതിക വിദഗ്ധർ ഉൾപ്പെടുന്ന എട്ട് ബേകളും പുതിയ ടച്ച്പോയിൻറിൽ ഉണ്ട്.



# കല്യാൺ ജ്വല്ലേഴ്സ് പുതിയ നാല് ഷോറൂമുകൾ തുറന്നു




**കൊച്ചി:** കല്യാൺ ജൂവലേഴ്സ് ഒഡീഷയിലെ റൂർക്കേല, ഭുവനേശ്വറിനടുത്ത് പാട്ടിയ, ഉത്തർപ്രദേശിലെ ആഗ്ര, ഗ്രേറ്റർ നോയിഡ ഗൗർ സിറ്റി എന്നിവിടങ്ങളിൽ പുതിയ ഷോറൂമുകൾ തുറന്നു. റൂർക്കേല, ആഗ്ര, ഗൗർ സിറ്റി ഷോറൂമുകൾ നടൻ രൺബീർ കപൂറും, പാട്ടിയ ഷോറൂം നടി ശിൽപ ഷെട്ടിയും ഉദ്ഘാടനം ചെയ്തു.കല്യാൺ ജൂവലേഴ്സിന്റെ ആഭരണശേഖരത്തിൽനിന്നുള്ള വിപുലമായ രൂപകൽപ്പനകളാണ് പുതിയ ഷോറൂമുകളിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. ആധുനികമായ സൗകര്യങ്ങളും ലോകോത്തരമായ അന്തരീക്ഷവും താരതമ്യങ്ങളില്ലാത്ത അനുഭവവുമാണ് ഇവിടെ ഒരുക്കുന്നത്. ഉപയോക്താക്കളുടെ ശൈലിക്കും ബജറ്റിനും ഏറ്റവും അനുയോജ്യമായ ആഭരണം കണ്ടെത്തുന്നതിന് ഈ രംഗത്ത് പരിചയസമ്പത്തുള്ള സർവീസ് എക്സിക്യൂട്ടീവിന്റെ സേവനവും കല്യാൺ ജൂവലേഴ്സ് എല്ലാ ഷോറൂമുകളിലും ലഭ്യമാക്കും. ഓരോ ഉപയോക്താവിന്റെയും അഭിരുചിക്കും മുൻഗണനയ്ക്കും അനുസരിച്ച് വൈവിധ്യമാർന്നതും നവീനവും പരമ്പരാഗതവുമായ രൂപകൽപ്പനകൾ ഉൾപ്പെടുത്തിയാണ് കല്യാൺ ജൂവലേഴ്സിന്റെ പുതിയ ഷോറൂമുകൾ പ്രവർത്തനമാരംഭിക്കുന്നത്.കഴിഞ്ഞ വർഷങ്ങളിൽ കല്യാൺ ജൂവലേഴ്സ് രാജ്യത്തിനകത്തും ഗൾഫ് മേഖലയിലും തുടർച്ചയായ നിക്ഷേപങ്ങളിലൂടെയും വികസനപദ്ധതികളിലൂടെയും മികച്ച സാന്നിദ്ധ്യം ഉറപ്പുവരുത്തിയെന്നും ടി.എസ്. കല്യാണരാമൻ പറഞ്ഞു. കൂടുതൽ നഗരങ്ങളിൽ സാന്നിദ്ധ്യം ഉറപ്പാക്കുകയും ഏറ്റവും അടുത്ത് സൗകര്യപ്രദവുമായ രീതിയിൽ ഉപയോക്താക്കൾക്ക് ഷോപ്പിംഗ് അനുഭവം ഒരുക്കുന്നതിനുമാണ് പരിശ്രമിക്കുന്നത്. മികച്ച ജൂവലറി ഷോപ്പിംഗ് കേന്ദ്രമായി കല്യാൺ ജൂവലേഴ്സ് മാറി.

റൂർക്കേല, പാട്ടിയ, ആഗ്ര, ഗൗർ സിറ്റി എന്നിവിടങ്ങളിൽപുതിയ ഷോറൂമുകൾ തുറന്നത് സേവനത്തിൻറെ പിന്തുണയോടെയുള്ള വ്യക്തിഗത ഷോപ്പിംഗ് അനുഭവം കൂടുതലായി ഉപയോക്താക്കൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയാണെന്നും അദ്ദേഹം പറഞ്ഞു.ഉപയോക്താക്കൾക്ക് ഏറ്റവും മികച്ചത് നൽകുക എന്ന പ്രതിബദ്ധതയുടെ ഭാഗമായി കല്യാൺ ജൂവലേഴ്സ് എല്ലാ സ്വർണാഭരണ പർച്ചേയ്സിനുമൊപ്പം 4ലെവൽ അഷ്വറൻസ് സർട്ടിഫിക്കറ്റ് നൽകും. വിവിധ പ്യൂരിറ്റി ടെസ്റ്റുകൾ പൂർത്തിയാക്കിയ ആഭരണങ്ങളാണ് കല്യാൺ ജൂവലേഴ്സ് വിറ്റഴിക്കുന്നത്. ഇതിനൊപ്പം നാലുതലത്തിലുള്ള സാക്ഷ്യപത്രത്തിലൂടെ ഉപയോക്താക്കൾക്ക് ഇൻവോയിസിൽ കാണിച്ചിരിക്കുന്ന ശുദ്ധതയുടെ മൂല്യം ആഭരണങ്ങൾ കൈമാറ്റം ചെയ്യുമ്പോഴും വിറ്റഴിക്കുമ്പോഴും ലഭിക്കുമെന്നതാണ് മെച്ചം. കൂടാതെ ജീവിതകാലം മുഴുവൻ ബ്രാൻഡ് ഷോറൂമുകളിൽനിന്ന് സ്വർണാഭരണങ്ങളുടെ മെയിൻറനൻസ് സൗജന്യമായി ചെയ്തുകൊടുക്കും.കല്യാൺ ജൂവലേഴ്സിന്റെ ജനപ്രിയ ബ്രാൻഡുകളായ പോൾക്കി ആഭരണങ്ങൾ അടങ്ങിയ തേജസ്വി, കരവിരുതാൽ തീർത്ത ആൻറിക് ആഭരണങ്ങൾ അടങ്ങിയ മുദ്ര, ടെംപിൾ ആഭരണങ്ങളുടെ ശേഖരമായ നിമാ, നൃത്തം ചെയ്യുന്ന ഡയമണ്ടുകളാ ഗ്ലോ, സോളിറ്റയർ പോലെയുള്ള ഡയമണ്ട് ആഭരണങ്ങളായ സിയാ, അൺകട്ട് ഡയമണ്ടുകളായ അനോഖി, പ്രത്യേകാവസരങ്ങൾക്കായുള്ള ഡയമണ്ടുകളായ അപൂർവ, വിവാഹ ഡയമണ്ടുകളായ അന്തര, നിത്യവും അണിയാനുള്ള ഡയമണ്ടുകളായ ഹീര, പ്രഷ്യസ് സ്റ്റോണുകൾ പതിപ്പിച്ച ആഭരണങ്ങളായ രംഗ് എന്നിവ ഈ ഷോറൂമുകളിലെല്ലാം ലഭ്യമാണെന്നും ടി.എസ്. കല്യാണരാമൻ പറഞ്ഞു.

# ജിയോ സിനിമ: രോഹിത് ശർമ്മ ബ്രാൻഡ് അംബാസഡർ

**മുംബൈ/ കൊച്ചി:** ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ്മയെ ജിയോ സിനിമയുടെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ക്യാപ്റ്റൻ, കളിക്കാരൻ എന്നീ നിലകളിൽ നിരവധി ലോക റെക്കോർഡുകൾ രോഹിത് ശർമ്മ സ്വന്തമാക്കിയിട്ടുണ്ട്. മൊബൈൽ ഫോണുകളിലൂടെയും സ്മാർട്ട് ടി വി കളിലൂടെയും ഇന്ത്യയിലെ സ്പോർട്സ് ആസ്വാദന രീതിയെ പരിവർത്തനം ചെയ്യുന്നതിൽ ജിയോസിനിമ നേതൃത്വം വഹിക്കുന്നു. മാത്രമല്ല ജിയോ സിനിമ ആരാധകർക്ക് പ്രയോജനപ്പെടുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.. ജിയോസിനിമയുമായി സഹകരിക്കുന്നതിലും ഈ യാത്രയുടെ ഭാഗമാകുന്നതിലും വളരെ സന്തുഷ്ടനാണെന്ന് രോഹിത് ശർമ്മ പറഞ്ഞു.നിരവധി സംരംഭങ്ങളിലൂടെ സ്പോർട്സ് കാഴ്ചയെന്നാൽ ഡിജിറ്റൽ എന്ന ജിയോ സിനിമയിലൂടെ ആശയം സാക്ഷാത്ക്കരിക്കാൻ രോഹിത് ജിയോസിനിമയിലെ ടീമുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് ജിയോ സിനിമ അധികൃതർ വ്യക്തമാക്കി. ആരാധകരുടെ എണ്ണം വർധിപ്പിക്കുന്നതിന് രാജ്യവ്യാപകമായി പ്രീമിയം സ്പോർട്സ് പ്രോപ്പർട്ടികൾക്കായി ജിയോസിനിമയുടെ ഡിജിറ്റൽആദ്യ നിർദ്ദേശം അദ്ദേഹം സ്വീകരിക്കും.ജിയോസിനിമയുടെ ഇന്ത്യയിലെ എല്ലാ കാഴ്ചക്കാർക്കുമായി ടാറ്റ ഐപിഎൽ 2023ന്റെ സൗജന്യ സ്ട്രീമിംഗ് ആദ്യ രണ്ടാഴ്ചയ്ക്കുള്ളിൽ റെക്കോർഡ് ബ്രേക്കിംഗ് കാഴ്ചകൾ നേടി




550 കോടിയിലധികം. ഏപ്രിൽ 17ന് ചെന്നൈ സൂപ്പർ കിംഗ്സ് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരുമായി ഏറ്റുമുട്ടിയപ്പോൾ ടാറ്റ ഐപിഎൽ മത്സരത്തിലെ ഏറ്റവും ഉയർന്ന വ്യൂവർഷിപ്പ് 2.4 കോടിക്ക് മുകളിൽ ജിയോ സിനിമ രേഖപ്പെടുത്തി.സ്പോൺസർമാരുടെയും പരസ്യദാതാക്കളുടെയും കാര്യത്തിലും ജിയോസിനിമ റെക്കോർഡുകൾ സൃഷ്ടിക്കുകയാണ്. പ്രമുഖ ആഗോള, ഇന്ത്യൻ ബ്രാൻഡുകൾ ജിയോ സിനിമയിലേക്ക് ആകർഷിക്കപ്പെടുന്നു. ടിവിയെ പിന്നിലാക്കി ജിയോ സിനിമക്ക് 23 പ്രധാന സ്പോൺസർമാരും ഉണ്ട് .

# റിലീസിന് ഒരുങ്ങി 'ബൈനറി' ; ട്രെയിലർ പുറത്ത്




**കൊച്ചി:** പുതിയ ചിത്രം 'ബൈനറി' യുടെ ട്രെയിലർ അണിയറ പ്രവർത്തകൾ പുറത്ത് വിട്ടു.പുതിയ കാലത്തെ ജീവിതപരിസരങ്ങളിലൂടെ സൈബർലോകത്തിന്റെ കഥ പറയുന്ന ചിത്രമാണ് ബൈനറി.നിയമസംവിധാനത്തെയും നീതിന്യായ വ്യവസ്ഥയേയും വെല്ലുവിളിക്കുന്ന സൈബർ കുറ്റവാളികളുടെ ജീവിതത്തിലേക്കുള്ള സംഘർഷഭരിതമായ ഒരു യാത്രയാണ് ബൈനറിയുടെ ഇതിവൃത്തം. വോക്ക് മീഡിയയുടെ ബാനറിൽ രാജേഷ് ബാബു കെ ശൂരനാട് മിറാജ് മുഹമ്മദ് എന്നിവർ നിർമ്മിച്ച് ഡോ. ജാസിക്ക് അലി സംവിധാനം ചെയ്യുന്ന ചിത്രത്തിൽ ജോയി മാത്യു, സിജോയ് വർഗ്ഗീസ്, കൈലാഷ്, മാമുക്കോയ, അനീഷ് രവി, അനീഷ് ജി മേനോൻ, നവാസ് വള്ളിക്കുന്ന് ലെവിൻ, നിർമ്മൽ പാലാഴി, കൂട്ടിക്കൽ ജയചന്ദ്രൻ കിരൺരാജ് രാജേഷ് മലർകണ്ടി , കെ പി സുരേഷ് കുമാർ, പ്രണവ് മോഹൻ, ജോഹർ കാനേഷ്, സീതു ലക്ഷ്മി, കീർത്തി ആചാരി എന്നിവർ പ്രധാന വേഷങ്ങൾ കൈകാര്യം ചെയ്യുന്നു...തിരക്കഥ ജ്യോതിഷ് നാരായണൻ, ബിനോയ് പി എം, സംഭാഷണം രഘു ചാലിയാർ, ക്യാമറസജീഷ് രാജ്, , സെക്കൻറ് ഷെഡ്യൂൾ ക്യാമറ ഹുസൈൻ അബ്ദുൾ ഷുക്കൂർ, സെക്കൻഡ് ഷെഡ്യൂൾക്രിയേറ്റീവ് ഡയറക്ടർ കൃഷ്ണജിത്ത് എസ് വിജയൻ, സംഗീതംഎം കെ അർജ്ജുനൻ ആന്റ് രാജേഷ് ബാബു കെ ശൂരനാട്, എഡിറ്റർ അമൃത് ലൂക്ക, ഗാനരചന പി കെ ഗോപി, നജു ലീലാധർ, പി സി മുരളീധരൻ, അഡ്വ ശ്രീ രജ്ഞിനി, സജിതാ മുരളിധരൻ.പ്രൊഡക്ഷൻ കൺട്രോളർ ഗിരീഷ് നെല്ലിക്കുന്നുമ്മേൽ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് പ്രശാന്ത് എൻ കാലിക്കട്ട്, സംഘട്ടനം രാജേഷ് ബ്രൂസ്ലി, മേക്കപ്പ് അനൂപ് സാജു, കോസ്റ്റ്യൂം മുരുകൻ, പി ആർ ഒ പി ആർ സുമേരൻ, ഡിസൈൻസ് മനോജ് ഡിസൈൻസ്.

# അസറ്റ് ഹോംസിന് മൂന്ന് സിഐഡിസി ദേശീയ പുരസ്കാരങ്ങൾ



**ന്യൂഡൽഹി:** പ്രമുഖ ബിൽഡറായ അസറ്റ് ഹോംസ്, കേന്ദ്ര സർക്കാരിനു കീഴിലുള്ള നീതി ആയോഗും നിർമാണ വ്യവസായ മേഖലയും ചേർന്ന് പ്രൊമോട്ടു ചെയ്യുന്ന സിഐഡിസി (കൺസ്ട്രക്ഷൻ ഇൻഡസ്ട്രി ഡെവലപ്മെന്റ് കൗൺസിൽ) നൽകുന്ന പതിനാലാമത് സിഐഡിസി വിശ്വകർമ അവാർഡ്സിൽ മൂന്ന് വിഭാഗങ്ങളിൽ പുരസ്കാരങ്ങൾ നേടി. ഏറ്റവും മികച്ച പ്രൊഫഷനലി മാനേജ്ഡ് കമ്പനികൾക്കുള്ള അവാർഡിൽ അസറ്റ് ഹോംസ് രണ്ടാം സ്ഥാനം നേടി. ഏറ്റവും മികച്ച നിർമാണ പദ്ധതി വിഭാഗത്തിൽ എറണാകുളം മരടിലെ അസറ്റ് രംഗോലി ഒന്നാം സ്ഥാനം നേടിയപ്പോൾ നിർമാണരംഗത്തെ ആരോഗ്യ സുരക്ഷ, പരിസ്ഥിതി സൗഹാർദം എന്ന വിഭാഗത്തിൽ അസറ്റ് ഹോംസിന്റ പാർപ്പിട പദ്ധതിയായ എറണാകുളത്തെ അസറ്റ് മൂൺ ഗ്രേസ് രണ്ടാം സ്ഥാനം നേടി. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ സിഐഡിസി ചെയർമാൻ ഡോ. എസ് പി റാണയും ജൂറി ചെയർമാൻ പ്രദീപ് ഭാർഗവ ഐഎഎസും (റിട്ട.) അവാർഡുകൾ സമ്മാനിച്ചു. അസറ്റ് ഹോംസിനു വേണ്ടി ഐടി വിഭാഗം ജിഎം ഡെറിൽ ജോൺ അവാർഡുകൾ ഏറ്റുവാങ്ങി.

# ഹൈത്രില്ലിങ് റൈഡുകളുമായി സിൽവർ സ്‌റ്റോം വാട്ടർ തീം പാർക്ക്

## ടൂറിസം രംഗത്ത് അതിരപ്പിള്ളിയുടെ പരമാവധി സാധ്യതകൾ ഉപയോഗപ്പെടുത്തുമെന്ന് മന്ത്രി പി.രാജീവ്

**അതിരപ്പിള്ളി :**കേരളം മൊത്തം ഒരു ടൂറിസം സ്ഥലമാണെന്നുള്ളതാണ് കേരളത്തിന്റെ പ്രത്യേകതയെന്നും അതിൽ ഏറ്റവും മനോഹരമായ സ്ഥലങ്ങളിൽ ഒന്നായിട്ടാണ് അതിരപ്പിള്ളിയെ കാണുന്നതെന്നും മന്ത്രി പി.രാജീവ്. ദക്ഷിണേന്ത്യയിലെ പ്രമുഖ വാട്ടർ തീം പാർക്കായ സിൽവർ സ്‌റ്റോമിൽ പുതുതായി ആരംഭിച്ച നാല് റൈഡുകളുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ടൂറിസം രംഗത്ത് സ്വകാര്യ സംരംഭകരുടെ കൂടി സഹകരണത്തോടെ അതിരപ്പിള്ളിയുടെ പരമാവധി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ അത്ര സുപരിചിതമല്ലാത്ത കരിബിയൻ ബേ അക്വാ പ്ലേസ്‌റ്റേഷൻ, ബൂമറാംഗ്, അക്വാലൂപ്പ്, കാമികസി എന്നീ നാല് പുതിയ ഹൈത്രില്ലിങ് വാട്ടർ റൈഡുകളാണ് ഉദ്ഘാടനം ചെയ്തത്. ഡിസംബറിൽ പണിപൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന കേബിൾ കാർ പ്രൊജക്ടിന്റെ തറകല്ലിടൽ ചടങ്ങും മന്ത്രി നിർവ്വഹിച്ചു.സർക്കാരിനോടൊപ്പം അതിരപ്പിള്ളിയിലെ ടൂറിസം വികസന പദ്ധതികൾക്കും ടൂറിസ്റ്റുകൾക്കും പരമാവധി സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സിൽവർസ്റ്റോമിൽ തന്നെ 15 ഏക്കർ സ്ഥലത്ത് കെ.എസ്.ഐ.ഡിസിയുടെ സാമ്പത്തിക സഹകരണത്തോടെ നൂറ് കോടിയിൽ പരം രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കിവരികയാണെന്ന് മാനേജിംഗ് ഡയറക്ടർ എ.ഐ.ഷാലിമാർ പറഞ്ഞു. ഈ വർഷം അവസാനത്തോടെ ഫോറസ്റ്റ് വില്ലേജ്, ബ്രിട്ടീഷ് ബംഗ്ലോ റിസോർട്ട്, കൺവൻഷൻ സെന്റർ എന്നിവയും പ്രവർത്തന സജ്ജമാകുമെന്നും അദ്ദേഹം പറഞ്ഞു.ചാലക്കുടി എം.എൽ.എ ടി.ജെ.സനീഷ്കുമാർ ജോസഫ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കൊടുങ്ങല്ലൂർ എം.എൽ.എ അഡ്വ.വി.ആർ.സുനിൽകുമാർ, അതിരപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ആതിര ദേവരാജൻ, വാർഡ് മെമ്പർ സി.സി.കൃഷ്ണൻ, കെ.എസ്.ഐ.ഡി.സി ജനറൽ മാനേജർ ആർ.പ്രശാന്ത്, ഡി.ജി.എം.വർഗീസ് മാളക്കാരൻ, സീഷോർ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ മുഹമ്മദ് അലി, സി.പി.എം.അതിരപ്പിള്ളി ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ.എസ്.സതീഷ് കുമാർ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് വി.വി.ജോർജ്, സി.പി.ഐ.ലോക്കൽ സെക്രട്ടറി കെ.കെ.സന്തോഷ്, ബി.ജെ.പി അതിരപ്പിള്ളി മണ്ഡലം പ്രസിഡന്റ് പി.ടി.ജിൻസൺ, സിൽവർ സ്‌റ്റോം ചെയർമാൻ പി.കെ.അബ്ദുൾ ജലീൽ , ഡയറക്ടർമാരായ അബ്ദുൾ അസ്സീസ്, എം.എസ്.ചന്ദ്രൻ, ജനറൽ മാനേജർ കെ.രാമചന്ദ്രൻ, സിനിമാതാരം നിരഞ്ജന അനൂപ്, ബിഗ്ബോസ് താരങ്ങളായ റംസാൻ മുഹമ്മദ്, ദിൽഷ പ്രസന്നൻ, ഇന്ത്യൻ ഐഡൽ ഫെയിം വൈഷ്ണവ് ഗിരീഷ് തുടങ്ങിയവരും പങ്കെടുത്തു.



**ദക്ഷിണേന്ത്യയിലെ പ്രമുഖ വാട്ടർ തീം പാർക്കായ സിൽവർ സ്‌റ്റോമിൽ പുതുതായി ആരംഭിച്ച നാല് റൈഡുകളുടെ ഉദ്ഘാടനം മന്ത്രി പി.രാജീവ് നിർവ്വഹിക്കുന്നു. ആർ.പ്രശാന്ത്,വർഗീസ് മാളക്കാരൻ, കെ.രാമചന്ദ്രൻ, അബ്ദുൾ അസ്സീസ്, അബ്ദുൾ ജലീൽ, എ.ഐ.ഷാലിമാർ, അഡ്വ.വി.ആർ.സുനിൽകുമാർ എം.എൽ.എ, ടി.ജെ.സനീഷ്കുമാർ ജോസഫ് എം.എൽ.എ തുടങ്ങിയവർ സമീപം**

# ടി.ബി എലിമിനേഷൻ പ്രോഗ്രാമുമായി കിംസ്ഹെൽത്ത്




**തിരുവനന്തപുരം:** രാജ്യത്തുടനീളമുള്ള ടി.ബി രോഗികളെ സഹായിക്കാനും സമയാസയമത്തുള്ള ചികിത്സ ലഭ്യമാക്കാനും രോഗമുക്തരാക്കാനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി ടി.ബി മുക്ത് അഭിയാന്റെ ഭാഗമായി നിക്ഷയ് മിത്രാ ക്ഷയരോഗ നിവാരണ പരിപാടിയുമായി കിംസ്ഹെൽത്ത്. നാഷണൽ ട്യൂബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമും (എൻ.ടി.ഇ.പി) സ്റ്റേറ്റ് ടി.ബി സെല്ലും ഡി.ടി.സിയുമായി സഹകരിച്ച് കിംസ്ഹെൽത്ത് സി.എസ്.ആർ നടത്തുന്ന പരിപാടിയുടെ ഉദ്ഘാടനം തിരുവനന്തപുരം കലക്ടറേറ്റിൽ നടന്ന ചടങ്ങിൽ ജില്ലാ കലക്ടർ ജെറോമിക് ജോർജ്ജ് നിർവ്വഹിച്ചു. പരിപാടിയുടെ ലോഞ്ചിന്റെ ഭാഗമായി ജില്ലാ കലക്ടർക്ക് പോഷകാഹാര കിറ്റ് കൈമാറി.ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ 150 ടി ബി രോഗികൾക്കാണ് സാമൂഹിക പ്രതിബദ്ധതാ പരിപാടിയുടെ ഭാഗമായി കിംസ്ഹെൽത്ത് എൻ.ടി.ഇ.പിയുമായി ചേർന്ന് സഹായം നൽകുക. സി.ഇ.ഒ കിംസ്ഹെൽത്ത് (കാൻസർ സെന്റർ& സി.എസ്.ആർ) രശ്മി ആയിഷ, കിംസ്ഹെൽത്ത് റസ്പിറേറ്ററി മെഡിസിൻ കൺസൾട്ടന്റ് ഡോ. അജയ് രവി, കിംസ്ഹെൽത്ത് ഇൻഫെക്ഷൻ കൺട്രോൾ ആയിഷ മുബാറക്, ഡബ്ല്യു.എച്ച്.ഒ കൺസൾട്ടന്റ് കേരള ഡോ. അപർണ മോഹൻ, ജില്ലാ ടി.ബി ഓഫീസർ ഡോ. വൽസല തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

